17
2021
ഡിസംബർ
വെള്ളി
1197
ധനു 2

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 204 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-204 പേജ് 4. വില 2.00 രൂപ

02 വാഹനങ്ങളുടെ ഓൺലൈൻ സേവനം പ്രവർത്തനസജ്ജം: മന്ത്രി

03 പച്ചക്കറി വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി തക്കാളി വണ്ടികൾ

04 അതിമാരക മയക്കു മരുന്നുമായി സിനിമസീരിയൽതാരം അറസ്റ്റിൽ

# ഒമിക്രോൺ: വ്യവസ്ഥകൾ കർശനമാക്കും

തിരുവനന്തപുരം: ഹൈ റിസ്ക് അല്ലാത്ത രാജ്യത്തിൽ നിന്നും വന്നയാൾക്ക് ഒമിക്രോൺ സ്ഥിരീകരിച്ച സാഹചര്യത്തിൽ സ്വയം നിരീക്ഷണ വ്യവസ്ഥകൾ കർശനമായി നടപ്പാക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. സ്വയം നിരീക്ഷണത്തിലെ വ്യവസ്ഥകൾ എല്ലാവരും കൃത്യമായി പാലിക്കണമെന്നും അവർ പറഞ്ഞു.

സാമൂഹിക ഇടപെടലുകൾ, ആൾക്കൂട്ടങ്ങളുള്ള സ്ഥലങ്ങൾ, തീയറ്ററുകൾ, മാളുകൾ എന്നിവ സന്ദർശിക്കുന്നത് ഒഴിവാക്കണം. എറണാകുളത്ത് ബുധനാഴ്ച ഒമിക്രോൺ സ്ഥിരീകരിച്ചയാൾ കോംഗോയിൽ നിന്നും വന്നതാണ്. ഹൈ റിസ്ക് രാജ്യമല്ലാത്തതിനാൽ കേന്ദ്ര മാർഗനിർദേശമനുസരിച്ച് സ്വയം നിരീക്ഷണമായിരുന്നു അനുവദിച്ചത്. എന്നാൽ ഇദ്ദേഹം ധാരാളം ആളുകളെത്തുന്ന ഷോപ്പിംഗ് മാളിലും റസ്റ്റോറൻറുകളിലും ഉൾപ്പെടെ പോയിരുന്നു.

അതിനാൽ തന്നെ ഇദ്ദേഹത്തിൻറെ സമ്പർക്ക പട്ടിക താരതമ്യേന വലുതാണ്. ഇദ്ദേഹത്തിൻറെ സമ്പർക്ക പട്ടിക തയാറാക്കി വരികയാണ്. റൂട്ട് മാപ്പ് പ്രസിദ്ധീകരിക്കും. സമ്പർക്ക പട്ടികയിലുള്ളവർ ആരോഗ്യ വകുപ്പുമായി ബന്ധപ്പെടേണ്ടതാണ്. എല്ലാ ജില്ലകളും ജാഗ്രത പാലിക്കണമെന്നും മന്ത്രി വ്യക്തമാക്കി. മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് ഇതു സംബന്ധിച്ച് തീരുമാനമെടുത്തത്.

രോഗികൾ കൂടുന്ന സാഹചര്യമുണ്ടായാൽ ഐസൊലേഷൻ വാർഡുകൾ ജില്ലകൾ സജ്ജമാക്കിയിട്ടുണ്ട്. ആവശ്യമുള്ളവർക്ക് സ്വകാര്യ ആശുപത്രികളിലും ചികിത്സയിൽ കഴിയാവുന്നതാണ്. എയർപോർട്ടിലും സീപോർട്ടിലും നിരീക്ഷണം ശക്തമാക്കി. ഇവിടെയെല്ലാം ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്.

ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും വരുന്നവരുടേയും മറ്റ് രാജ്യങ്ങളിൽ നിന്നും വരുന്നവരിൽ റാൻഡം പരിശോധനയിൽ കോവിഡ് പോസിറ്റീവാകുന്നവരുടേയും ഇവരുടെ സമ്പർക്കത്തിൽ വന്ന് കോവിഡ് പോസിറ്റീവാകുന്നവരുടേയും സാമ്പിളുകൾ ജനിതക പരിശോധനയ്ക്ക് അയക്കുന്നത് തുടരും.

ഒമിക്രോൺ സാഹചര്യത്തിൽ കൂടുതൽ സാമ്പിളുകൾ ജനിതക പരിശോധനയ്ക്ക് അയക്കുന്നതാണ്. ക്ലസ്റ്ററുകൾ രൂപപ്പെടുന്ന പ്രദേശങ്ങളിലെ കോവിഡ് പോസിറ്റീവ് സാമ്പിളുകളും ജനിതക പരിശോധനയ്ക്ക് അയക്കും.

ഡിസംബർ ഒന്നു മുതൽ സംസ്ഥാനത്തെ നാല് വിമാനത്താവളങ്ങൾ വഴി ആകെ 1,47,844 യാത്രക്കാരാണ് എത്തിച്ചേർന്നിട്ടുള്ളത്. അവരിൽ 8,920 പേരെ വിമാനത്താവളങ്ങളിൽ വച്ചു തന്നെ പരിശോധിച്ചു. അതിൽ 15 പേരാണ് കോവിഡ് പോസിറ്റീവായത്. അതിൽ 13 പേർ ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും രണ്ട് പേർ മറ്റ് രാജ്യങ്ങളിൽ നിന്നും വന്നവരാണ്. ഇവരുടെ എല്ലാവരുടേയും സാമ്പിളുകൾ ജനിതക പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

ഡിസംബർ ഒന്നിന് മുമ്പ് ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും എത്തിയിട്ടുള്ള കോവിഡ് പോസിറ്റീവായിട്ടുള്ളവരുടേയും എട്ടാമത്തെ ദിവസം പരിശോധനാ ഫലം പോസിറ്റീവായിട്ടുള്ളവരുടേയും സാമ്പിളുകൾ ഉൾപ്പെടെ ആകെ 54 പേരുടെ സാമ്പിളുകളാണ് ജനിതക പരിശോധനയ്ക്ക് അയച്ചത്. ഇതിൽ 44 പേരുടെ പരിശോധനാ ഫലം വന്നിട്ടുണ്ട്. അതിൽ 39 പേർ ഡെൽറ്റാ വേരിയൻറ് പോസിറ്റീവും അഞ്ച് പേർ ഒമിക്രോൺ പോസിറ്റീവുമാണ്.

എറണാകുളത്ത് യുകെയിൽ നിന്നും എത്തിയാൾക്കാണ് ആദ്യം ഒമിക്രോൺ സ്ഥിരീകരിച്ചത്. അദ്ദേഹത്തിൻറെ സമ്പർക്കപ്പട്ടികയിലുള്ള ഭാര്യയ്ക്കും (38) ഭാര്യാ മാതാവിനും (67), കോംഗോയിൽ നിന്നും വന്ന മറ്റൊരാൾക്കുമാണ് (37) ബുധനാഴ്ച എറണാകുളത്ത് ഒമിക്രോൺ സ്ഥിരീകരിച്ചത്.

തിരുവനന്തപുരത്ത് ഒമിക്രോൺ സ്ഥിരീകരിച്ച യുവതിക്ക് (22) വിമാനത്തിൽ നിന്നുള്ള സമ്പർക്കം മാത്രമാണുള്ളത്. ഇവർ തിരുവനന്തപുരത്തെ പ്രത്യേക നിരീക്ഷണ കേന്ദ്രത്തിലാണുള്ളത്. എല്ലാവരുടേയും ആരോഗ്യനില തൃപ്തികരമാണ്.

ഒമിക്രോൺ സാഹചര്യത്തിൽ വാക്സിനേഷൻ ഡ്രൈവ് ശക്തിപ്പെടുത്താനും യോഗം തീരുമാനിച്ചു. വെള്ളിയാഴ്ചയും ശനിയാഴ്ചയും പ്രത്യേക വാക്സിനേഷൻ യജ്ഞം സംഘടിപ്പിക്കും. വാക്സിൻ എടുക്കാത്തവർ ഉടൻ തന്നെ വാക്സിൻ എടുക്കേണ്ടതാണ്. രണ്ടാം ഡോസ് വാക്സിൻ എടുക്കാൻ സമയം കഴിഞ്ഞവരും എത്രയും വേഗം വാക്സിൻ സ്വീകരിക്കണം.

# കുപ്പിവെള്ള വില നിയന്ത്രണം: സർക്കാർ അപ്പീൽ നൽകുമെന്ന് മന്ത്രി ജി.ആർ. അനിൽ

തിരുവനന്തപുരം: ഒരു ലിറ്റർ കുപ്പിവെള്ളത്തിന് 13 രൂപ വില നിശ്ചയിച്ച സർക്കാർ ഉത്തരവ് സ്റ്റേ ചെയ്ത ഹൈക്കോടതി വിധിക്കെതിരെ നിയമ വശം പരിശോധിച്ച് സർക്കാർ അപ്പീൽ പോകുമെന്ന് ഭക്ഷ്യ പൊതുവിതരണ മന്ത്രി ജി.ആർ. അനിൽ.

ഉപഭോക്താക്കളായ സാധാരണ ജനങ്ങളുടെ താത്പര്യമാണ് സർക്കാരിന് മുഖ്യമെന്നും ഉത്തരവ് പുറപ്പെടുവിച്ചതിന് പിന്നിലെ സർക്കാരിൻറെ ഉദ്ദേശ്യ ശുദ്ധിയെ കോടതി പ്രശംസിക്കുകയുണ്ടായെന്നും മന്ത്രി പറഞ്ഞു. എന്നാൽ 1955ലെ എസൻഷ്യൽ കമോഡിറ്റീസ് ആക്റ്റിൻറെ പരിധിയിൽ വരുന്ന ഭക്ഷ്യ പദാർത്ഥമെന്ന ഇനത്തിലാണ് കുടിവെള്ളം വരികയെന്നും 1986 ലെ കേരള എസൻഷ്യൽ ആർട്ടിക്കിൾ നിയമത്തിൻറെ പരിധിയിൽ വരില്ലെന്നുമാണ് കോടതി കണ്ടെത്തിയത്. എന്നാൽ കുപ്പിവെള്ളം വേറിട്ട സ്വഭാവമുള്ള ഒരു വാണിജ്യ ഉൽപ്പന്നമാണെന്നാണ് കേരള സർക്കാർ നിലപാട്.

രണ്ടു മാസത്തിനുള്ളിൽ ഈ വിഷയത്തിൽ സത്യവാങ്മൂലം സമർപ്പിക്കാൻ കേന്ദ്രസർക്കാരിനോട് കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ജനതാത്പര്യം മുൻനിർത്തി ഇക്കാര്യത്തിൽ കേരള സർക്കാർ കൈക്കൊണ്ട നടപടിയെ പിന്തുണയ്ക്കാൻ കേന്ദ്രം തയാറാവണം.

ആവശ്യമായ നിയമനടപടികൾ ഇതിനനുസൃതമായി ഹൈക്കോടതിയിൽ കൈക്കൊള്ളാൻ കേന്ദ്രം തയാറാകണമെന്നും മന്ത്രി പറഞ്ഞു

# പിജി ഡോക്ടർമാർ സമരം പിൻവലിച്ചു

തിരുവനന്തപുരം: പിജി ഡോക്ടർമാർ സമരം പിൻവലിച്ചു. മുഖ്യമന്ത്രിയുടെ ഓഫീസ് നൽകിയ ഉറപ്പിൻറെ അടിസ്ഥാനത്തിലാണ് സമരം പിൻവലിച്ചതെന്ന് കെഎംപിജിഎ അറിയിച്ചു.വെള്ളിയാഴ്ച മുതൽ ഡ്യൂട്ടിയിൽ കയറുമെന്നും ഡോക്ടർമാർ പറഞ്ഞു.

സ്റ്റൈപ്പൻഡ് വർധന, അലവൻസുകൾ എന്നിവ വേഗം നടപ്പാക്കുമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

# വിജയ് പി. നായരെ മർദിച്ച സംഭവം; ഭാഗ്യലക്ഷ്മിക്കെതിരെ കുറ്റപത്രം സമർപ്പിച്ചു

തിരുവനന്തപുരം: യൂട്യൂബർ വിജയ് പി. നായരെ മർദ്ദിച്ച കേസിൽ ഡബ്ബിംഗ് ആർട്ടിസ്റ്റ് ഭാഗ്യലക്ഷ്മി ഉൾപ്പടെ മൂന്ന് പേർക്കെതിരെ പോലീസ് കുറ്റപത്രം സമർപ്പിച്ചു. ഭാഗ്യലക്ഷ്മിക്കു പുറമേ ശ്രീലക്ഷ്മി അറയ്ക്കൽ, ദിയസന എന്നിവർക്കെതിരെയും കുറ്റപത്രം നൽകി. അതിക്രമം, കൈയേറ്റം, ഭീഷണിപ്പെടുത്തൽ എന്നീ കുറ്റങ്ങൾ ചുമത്തിയാണ് കുറ്റപത്രം സമർപ്പിച്ചത്.

2020 സെപ്റ്റംബർ 26നാണ് കേസിന് ആസ്പദമായ സംഭവം നടന്നത്. വിജയ് പി. നായരുടെ പരാതിയിൽ തമ്പാനൂർ പോലീസാണ് കേസെടുത്ത് അന്വേഷണം നടത്തിയത്. തന്നെ കൈയേറ്റം ചെയ്തുവെന്നും ഭീഷണിപ്പെടുത്തിയെന്നും അസഭ്യം പറഞ്ഞെന്നും ചൂട്ടിക്കാട്ടിയാണ് വിജയ് പരാതി നൽകിയത്.

കേരളത്തിലെ ഫെമിനിസ്റ്റുകളെ അധിക്ഷേപിക്കുന്ന തരത്തിൽ സമൂഹമാധ്യമങ്ങളിലൂടെ വീഡിയോ പ്രചരിപ്പിച്ചെന്നാരോപിച്ചാണ് ഭാഗ്യലക്ഷ്മിയുടെ നേതൃത്വത്തിലുള്ള മൂന്നംഗ സംഘം വിജയ് പി. നായരെ കൈയേറ്റം ചെയ്തും തലയിൽ കരിഓയിൽ ഒഴിച്ചും പ്രതിഷേധിച്ചത്.

ഡബ്ബിംഗ് ആർട്ടിസ്റ്റ് ഭാഗ്യലക്ഷ്മി, ആക്ടിവിസ്റ്റുകളായ ദിയ സന, ശ്രീലക്ഷ്മി അറയ്ക്കൽ എന്നിവരുടെ നേതൃത്വത്തിലാണ് വെള്ളായണി സ്വദേശി ഡോ. വിജയ് പി. നായരെ കൈയേറ്റം ചെയ്തത്. കൈയേറ്റം ചെയ്യുന്നതിൻറെയും കരിഓയിൽ ഒഴിക്കുന്നതിൻറെയും ദൃശ്യങ്ങൾ ഇവർ തന്നെ സാമൂഹ്യ മാധ്യമങ്ങളിൽ പോസ്റ്റ് ചെയ്യുകയും ചെയ്തു.

ഇനി ഒരു സ്ത്രീക്കെതിരേയും ഇത്തരം കാര്യങ്ങൾ പറയരുതെന്ന് പറഞ്ഞായിരുന്നു സ്ത്രീകളുടെ പ്രതിഷേധം. ഗാന്ധാരിയമ്മൻ കോവിലിനു സമീപമുള്ള ഇയാളുടെ മുറിയിലെത്തിയ മൂവരും വിജയ് പി. നായരെ കൊണ്ട് മാപ്പ് പറയിക്കുന്നത് സാമൂഹിക മാധ്യമങ്ങളിലൂടെ ഇവർ തന്നെ ലൈവായി പുറത്തുവിടുകയായിരുന്നു.

## രാഷ്ട്രപതി രാംനാഥ് കോവിന്ദ് 21 മുതൽ 24 വരെ കേരളത്തിൽ

തിരുവനന്തപുരം: രാഷ്ട്രപതി രാംനാഥ് കോവിന്ദ് ഈ മാസം 21 മുതൽ 24 വരെ നാലു ദിവസം കേരള സന്ദർശനം നടത്തും. കാസർഗോഡ്, കണ്ണൂർ, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലാണു രാഷ്ട്രപതി എത്തുക.

21ന് ഉച്ചയ്ക്ക് 12.30നു കണ്ണൂർ വിമാനത്താവളത്തിൽ എത്തുന്ന രാഷ്ട്രപതി അവിടെ നിന്ന് ഹെലികോപ്റ്ററിൽ കാസർഗോഡേയ്ക്കു പോകും. കാസർഗോഡ് 3.30 നു നടക്കുന്ന കേന്ദ്ര സർവകലാശാലയുടെ ബിരുദദാന സമ്മേളനത്തിൽ രാംനാഥ് കോവിന്ദ് പങ്കെടുക്കും. തുടർന്നു കണ്ണൂരിലേക്ക് ഹെലികോപ്റ്ററിൽ മടങ്ങുന്ന രാഷ്ട്രപതി കണ്ണൂർ വിമാനത്താവളത്തിൽ നിന്നു കൊച്ചിയിലെത്തും. 22നു കൊച്ചി നേവൽ ബേസിലെ വിവിധ പരിപാടികളിൽ രാഷ്ട്രപതി പങ്കെടുക്കുന്നുണ്ട്.

# സ്മൃതികൾ ഉണർത്തുന്ന നാടകോൽസവം

**യേശുദാസ് വില്യം**

കൊല്ലം : ശക്തികുളങ്ങര നാടകോൽസവത്തിന് തിരി തെളിഞ്ഞു.കഴിഞ്ഞ ഏഴു വർഷക്കാലമായി കൊണ്ടാടുന്ന നാടകോൽസവം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കഴിഞ്ഞ കൊല്ലം ഒഴിവാക്കിയിരുന്നു.നാടകവും കലാപ്രവർത്തനങ്ങളും ജീവിതത്തിലും അന്തർലീനമായ ഒരു സമൂഹമാണ് ശക്തികുളങ്ങര തീരത്തുള്ളത്.ശക്തികുളങ്ങര നാടക ആസ്വാദക സംഘം രൂപം നൽകിയ നാടകോൽസവം ജനകീയ പങ്കാളിത്തം കൊണ്ട് കൂടുതൽ വിജയകരമായതിനു കാരണവും ഇതു തന്നെയാണ്.മിമിക്രിയും,ഇതര കലാരൂപങ്ങളും ഉൽസവ പറമ്പുകളും,പള്ളി മുറ്റങ്ങളും ഉൾപ്പെടുന്ന വേദികൾ കീഴടക്കിയപ്പോൾ സുരഭിലമായ പഴയ നാടക കാലങ്ങൾ ഓർമ്മകളായി.അടുത്ത ബെല്ലോടു കൂടി..യെന്ന മിടിപ്പിക്കുന്ന ഘനഗംഭീര ശബ്ദമാണ് വീണ്ടും നാടകോൽസവത്തിലൂടെ ശക്തികുളങ്ങരയിൽ തിരശീല ഉയർത്തുന്നത്.

അരങ്ങിന്റെ മൂന്നു സന്ധ്യകൾ ശക്തികുളങ്ങരയിൽ തെളിയുമ്പോൾ.പള്ളിമുറ്റത്തെ നാടകക്കാലങ്ങളുടെ സ്മൃതികളാണ് ഉണരുന്നത്.പള്ളിപ്പെരുന്നാളുകളിലെ നാടകങ്ങൾ.നേരത്തെ അത്താഴം കഴിഞ്ഞ് പള്ളിമുറ്റത്തെ പൂഴിമണലിൽ നിറഞ്ഞിരുന്ന് കണ്ട നാടകങ്ങൾ.ആലപ്പി തീയ്യറ്റേഴ്സിന്റെയും കൊച്ചിൻ നാടകവേദിയുടെയും കലാനിലയത്തിന്റെയും നാടകങ്ങൾ.ഇതിനെല്ലാമുപരി ശക്തികുളങ്ങര തീരത്തെ കലാകാരൻമാർ ഒരുക്കുന്ന നാടകങ്ങളാണ് പ്രത്യേകം എടുത്തു പറയേണ്ടത്.ഒരോ തലമുറയിലും കൊണ്ടാടപ്പെട്ട തികഞ്ഞ കലാകാരൻമാർ പിറവിയെടുത്ത തീരമാണ് ശക്തികുളങ്ങര.ഇപ്പോൾ എഴുപതുകളിലെത്തിനിൽക്കുന്ന തലമുറയിലെ തികഞ്ഞ നാടക കലാകാരനായിരുന്നു പയസ്സ് സക്കറിയാസ്.നാടക രചനയും സംവിധാനവും അഭിനയവും ഗാനരചനയും നിർവ്വഹിച്ചുകൊണ്ട് ഈ രംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ചു. ശക്തികുളങ്ങരയിലെ മൽസ്യത്തൊഴിലാളി കുടുംബത്തിലെ പയസ്സിന്റെ പത്തുമക്കളിൽ അഞ്ചാമനായി പിറന്ന സക്കറിയാസിന്റെ അപൂർവ്വമായ കഴിവുകളും നാടകരംഗത്തെ പരീക്ഷണങ്ങളും അക്കാലത്ത് വിജയം കണ്ടിരുന്നു.സത്യൻ ആർട്സ് എന്ന ട്രൂപ്പിന്റെ ബാനറിൽ നമ്മുടെ നാട്ടിലെ കലാകാരൻമാരെ കൂട്ടിയിണക്കി സക്കറിയാസ് രചനയും സംവിധാനവും നിർവ്വഹിച്ച കപോതം നാടകമൽസരങ്ങളിൽ സംസ്ഥാന ജില്ലാതല പുരസ്കാരങ്ങൾ നേടിയെടുത്തു.മികച്ചരചന.സംവിധാനം തുടങ്ങി അഭിനയത്തിനുൾപ്പടെ അഞ്ചു അവാർഡുകളാണ് ആ കലയളവിൽ മൽസരവേദികളിൽ നിന്നും കപോതം നേടിയെടുത്തിട്ടുള്ളത്.നിരവധി സ്റ്റേജുകൾ കളിച്ച മറ്റൊരു നാടകമാണ് ആഗ്നേയാസ്ത്രം.





ഒരു ദുഖസാഗരം ഉള്ളിലിരമ്പും.. ഒരു ദുഖപുഷ്പം ഞാൻ.കരകാണക്കടലിൽ നീ എന്നെ കൈവെടിയരുതേ ദേവാ..എന്ന സഖറിയാസ് രചിച്ച മെലഡി നാടക ഗാനം അക്കാലത്തെയും എക്കാലത്തെയും കണ്ണു നനയിക്കുന്ന മികച്ച വരികളാണ്.സാമൂഹ്യ നാടകങ്ങൾ എഴുതി തീരത്തെ അമച്വർ കലാകരൻമാരെ പരുവപ്പെടുത്തി അവതരിപ്പിക്കുന്നതിൽ സഖറിയാസിനുള്ള സംവിധാന മികവ് ഒന്നു വേറെ ആയിരുന്നു.പക്ഷേ അദ്ദേഹത്തിലെ പ്രതിഭയെ നമ്മൾ തിരിച്ചറിഞ്ഞോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.ജീവിത പ്രതിസന്ധികളും അരക്ഷിതത്വവുമൊക്കെ കലാരംഗത്തുനിന്നും ഈ പ്രതിഭയെ വഴിതിരിച്ചു വിട്ടു.പരന്ന വായനയും നിരീക്ഷണവും ജീവിതവീക്ഷണവും കൈമുതലാക്കിയ സക്കറിയാസിന്റെ ജീവൻ വലിയ പ്രതിഭകളെപ്പോലെ നാല്പത്തി നാലാമത്തെ വയസ്സിൽ കലാ സ്വപ്നങ്ങൾ ബാക്കിയാക്കി പുർണ്ണവിരാമമായി.ശക്തികുളങ്ങരയിലെ നാടകരംഗത്തെ തികഞ്ഞ പ്രതിഭാശാലിയായ ആർ.ജോസഫിന്റെ യൗവ്വന കാലത്തെ അന്ത്യം പോലെ സമാനമായിരുന്നു സക്കറിയാസിന്റെ അന്ത്യവും. ഇപ്പോൾ ശക്തികുളങ്ങര തീരത്ത് ഉണർന്ന നാടകോൽസവം ഓർമ്മകളും പ്രതീക്ഷകളും പേറുന്ന പുതുതലമുറയുടെ ശ്രമമാണ്.ഈ നാടകോൽസവം കേരളത്തിലും ദേശീയതലത്തിലും അംഗീകരിക്കപ്പെടുന്ന കാലം വിദൂരമല്ല.അതിനാവുമെന്നാണ് നാടക സ്റ്റേജിനുമുമ്പിൽ ഇരമ്പിയെത്തുന്ന തീരസമൂഹം തെളിയിക്കുന്നത്.

പ്രമുഖമായ നാടക ട്രൂപ്പുകളുടെ മൂന്നു നാടകങ്ങളാണ് ഇക്കുറി നാടകോൽസവത്തിൽ അവതരിപ്പിക്കപ്പെടുന്നതെന്ന് നാടകാസ്വാദക സംഘം പ്രസിഡന്റ് ടോം ഹെൻട്രി നോട്ടിക്കൽ ടൈംസ് കേരളയോടു പറഞ്ഞു.പങ്കാളിത്തം കൊണ്ടു ശ്രദ്ധേയമായതുപോലെ തന്നെ കേരളത്തിലെ നാടക സമിതികൾക്കിടയിൽ ശക്തികുളങ്ങര നാടകോൽസവത്തിൽ പങ്കെടുക്കുകയെന്നതും വലിയൊരു അംഗീകാരമായും അവർ കരുതുന്നുണ്ടെന്ന് ടോം ഹെൻട്രി സൂചിപ്പിച്ചു.ഒരാഴ്ചക്കാലം നീണ്ടു നിൽക്കുന്ന നാടകോൽസവം ഇക്കുറി കോവിഡിന്റെ പശ്ചാത്തലത്തിൽ മുന്നു ദിവസമാക്കിയിരിക്കുന്നു..കേരളത്തിലെ സ്റ്റേജ് ആർടിസ്റ്റുകളെയും,ഇതര കലാകാരൻമാരെയും സജീവമാക്കുകയെന്ന ശക്തമായ ലക്ഷ്യമാണ് ഇത്തവണത്തെ നാടകോൽസവം മുമ്പോട്ടു വെയ്ക്കുന്നതെന്ന് സംഘാടകസമിതി പറഞ്ഞു.






ഇശ്രം പോർട്ടലിന്റെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ കളക്ടർ ഡോ. നവ്ജ്യോത് ഖോസയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം

# 2021–26ൽ പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന നടപ്പാക്കുന്നതിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം

202126 ൽ 93,068 കോടി രൂപ ചെലവിൽ പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന (പിഎംകെഎസവൈ) നടപ്പാക്കുന്നതിന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര സാമ്പത്തിക കാര്യ മന്ത്രിസഭാ സമിതി അംഗീകാരം നൽകി.

പിഎംകെഎസവൈ 201621 കാലയളവിൽ ജലസേചന വികസനത്തിനായി കേന്ദ്ര ഗവൺമെന്റ് ആർജ്ജിത വായ്പയ്ക്കായി സംസ്ഥാനങ്ങൾക്ക് 37,454 കോടി രൂപയുടെ കേന്ദ്ര ഗ്യാരണ്ടിക്കും 20,434.56 കോടി രൂപയുടെ കടം നൽകാനും സി സിഇഎ അംഗീകരിച്ചു.

ത്വരിത ജലസേചന ആനുകൂല്യ പരിപാടി (എഐബിപി), ഹർ ഖേത് കോ പാനി (എച്ച്കെകെപി), നീർത്തട വികസന ഘടകങ്ങൾ എന്നിവ 202126 കാലയളവിൽ തുടരുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

ത്വരിത ജലസേചന ആനുകൂല്യ പരിപാടിയിൽ ജലസേചന പദ്ധതികൾക്കുള്ള സാമ്പത്തിക സഹായം ലക്ഷ്യമിടുന്നത് കേന്ദ്ര ഗവൺമെന്റിന്റെ ഒരു പ്രധാന പരിപാടിയാണ്. എഐബിപിയുടെ കീഴിൽ 2021 26ൽ 13.88 ലക്ഷം ഹെക്ടറാണ് ലക്ഷ്യമിടുന്നത്. അവയുടെ 30.23 ലക്ഷം ഹെക്ടർ കമാൻഡ് ഏരിയ വികസനം ഉൾപ്പെടെ നടന്നുകൊണ്ടിരിക്കുന്ന 60 പദ്ധതികൾ കേന്ദ്രീകരിച്ച് പൂർത്തീകരിക്കുന്നതിന് പുറമെ, അധിക പദ്ധതികളും ഏറ്റെടുക്കാവുന്നതാണ്. ആദിവാസി, വരൾച്ചബാധിത പ്രദേശങ്ങൾക്ക് കീഴിലുള്ള പദ്ധതികൾക്ക് ഉൾപ്പെടുത്തൽ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയിട്ടുണ്ട്.

രേണുകാജി അണക്കെട്ട് പദ്ധതി (ഹിമാചൽ പ്രദേശ്), ലഖ്വാർ വിവിധോദ്ദേശ്യ പദ്ധതി (ഉത്തരാഖണ്ഡ്) എന്നീ രണ്ട് ദേശീയ പദ്ധതികൾക്കായി 90% ജലഘടകത്തിന്റെ കേന്ദ്ര ധനസഹായം വകയിരുത്തിയിട്ടുണ്ട്.

രണ്ട് പദ്ധതികളും യമുനാ നദീതടത്തിലെ ആറ് സംസ്ഥാനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന യമുന തടത്തിൽ സംഭരണം ആരംഭിക്കുകയും ഡൽഹി, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, യുപി, ഹരിയാന, രാജസ്ഥാൻ എന്നിവിടങ്ങളിലേക്കുള്ള ജലവിതരണം വർദ്ധിപ്പിക്കുകയും യമുനയുടെ പുനരുജ്ജീവനത്തിലേക്കുള്ള ഒരു പ്രധാന ചുവടുവയ്പ്പ് നൽകുകയും ചെയ്യും.

ഹർ ഖേത് കോ പാനി (ഒഗഗജ) ലക്ഷ്യമിടുന്നത് ഫാമിലെ ഭൌതിക പ്രവേശനം വർധിപ്പിക്കുന്നതിനും ഉറപ്പായ ജലസേചനത്തിൻ കീഴിൽ കൃഷിയോഗ്യമായ പ്രദേശത്തിന്റെ വിപുലീകരണത്തിനും വേണ്ടിയാണ്. എച്ച്കെകെപിക്ക് കീഴിൽ, പിഎംകെഎസവൈയുടെ ഉപരിതല മൈനർ ജലസേചനവും അറ്റകുറ്റപ്പണിനവീകരണ പുനരുദ്ധാരണവും 4.5 ലക്ഷം ഹെക്ടർ അധിക ജലസേചനം ലഭ്യമാക്കാൻ ലക്ഷ്യമിടുന്നു. ജലസ്രോതസ്സുകളുടെ പുനരുജ്ജീവനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത്, നഗരങ്ങളിലും ഗ്രാമങ്ങളിലും അവയുടെ പുനരുജ്ജീവനത്തിനുള്ള ധനസഹായത്തിൽ ഒരു മാതൃകാപരമായ മാറ്റത്തിന് മന്ത്രിസഭ അംഗീകാരം നൽകി, അവയുടെ ഉൾപ്പെടുത്തൽ മാനദണ്ഡങ്ങൾ ഗണ്യമായി വിപുലീകരിക്കുകയും കേന്ദ്രസഹായം പൊതുവെ 25% ൽ നിന്ന് 60% ആക്കുകയും ചെയ്തു. പ്രദേശം. കൂടാതെ, 202122ൽ താൽക്കാലികമായി അംഗീകരിച്ച എച്ച്കെകെപിയുടെ ഭൂഗർഭജല ഘടകം 1.52 ലക്ഷം ഹെക്ടർ ജലസേചന സാധ്യതകൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നു.

തണ്ണീർത്തട വികസന ഘടകം, മണ്ണ്ജല സംരക്ഷണം, ഭൂഗർഭജലത്തിന്റെ പുനരുജ്ജീവനം, ഒഴുക്ക് തടയൽ, ജലസംഭരണവും പരിപാലനവുമായി ബന്ധപ്പെട്ട വിപുലീകരണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള മഴയെ ആശ്രയിച്ചുള്ള പ്രദേശങ്ങളുടെ വികസനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഭൂവിഭവ വകുപ്പിന്റെ അംഗീകൃത തണ്ണീർത്തട വികസന ഘടകം 202126 കാലയളവിൽ 2.5 ലക്ഷം ഹെക്ടർ അധികമായി സംരക്ഷിത ജലസേചനത്തിന് കീഴിൽ കൊണ്ടുവരുന്നതിനായി 49.5 ലക്ഷം ഹെക്ടർ മഴ/ തരിശുനിലങ്ങൾ ഉൾക്കൊള്ളുന്ന അനുവദനീയമായ പദ്ധതികൾ പൂർത്തീകരിക്കാൻ വിഭാവനം ചെയ്യുന്നു. സ്പ്രിംഗ് ഷെഡുകൾ വികസിപ്പിക്കുന്നതിനുള്ള ഒരു പ്രത്യേക വ്യവസ്ഥ പ്രോഗ്രാ മിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പശ്ചാത്തലം:

2015ൽ ആരംഭിച്ച പിഎംകെഎസവൈ, ചുവടെ വിശദമാക്കിയിരിക്കുന്ന നിർദ്ദിഷ്ട പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാരുകൾക്ക് കേന്ദ്ര ഗ്രാന്റുകൾ നൽകുന്ന ഒരു കുട പദ്ധതിയാണ്.

ജലവിഭവ വകുപ്പ്, നദി വികസനം, ഗംഗാ പുനരുജ്ജീവനം എന്നിവയുടെ രണ്ട് പ്രധാന ഘടകങ്ങൾ ഇതിൽ ഉൾപ്പെടുന്നു, അതായത്, ത്വരിത ജലസേചന ആനുകൂല്യ പരിപാടി ( എ ഐ ബി പി), ഹർ ഖേത് കോ പാനി (എച്ച് കെ കെ പി). കമാൻഡ് ഏരിയ ഡെവലപ്മെന്റ് (സിഎഡി), സർഫേസ് മൈനർ ഇറിഗേഷൻ (എസ്എംഐ), ജലാശയങ്ങളുടെ അറ്റകുറ്റപ്പണി, നവീകരണവും പുനരുദ്ധാരണവും (ആർആർആർ), ഭൂഗർഭ ജലവികസനം എന്നിങ്ങനെ നാല് ഉപഘടകങ്ങൾ എച്ച് കെ കെ പിയിൽ ഉൾപ്പെടുന്നു.

കൂടാതെ, നീർത്തട വികസന ഭാഗം ഭൂവിഭവ വകുപ്പ് നടപ്പാക്കുന്നു. പിഎംകെഎസവൈയുടെ മറ്റൊരു ഘടകമായ ഓരോ തുള്ളിക്കും അധിക വിളവ് പദ്ധതി കൃഷി, കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്നു.

# സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം; നയരേഖയ്ക്ക് അംഗീകാരം

സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച നയരേഖയ്ക്ക് മന്ത്രിസഭായോഗം അംഗീകാരം നൽകി. സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി സർക്കാർ നയം പ്രഖ്യാപിച്ചതിലൂടെ വന പുനഃസ്ഥാപന പ്രവർത്തനങ്ങൾ വൻതോതിൽ ഏറ്റെടുക്കുന്ന ആദ്യ സംസ്ഥാനമാവുകയാണ് കേരളം. ഇത് വർദ്ധിച്ച തോതിലുള്ള പാരിസ്ഥിതിക സേവനങ്ങളും, തൊഴിലവസരങ്ങളും സൃഷ്ടിക്കും.

ജലസമൃദ്ധിയിൽ നിന്നും അതിവേഗം ജലദൗർലഭ്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന കേരളത്തിന്റെ ജലസുരക്ഷ ഉറപ്പു വരുത്തുന്നതോടൊപ്പം അതിവൃഷ്ടി മൂലമുണ്ടാകുന്ന പ്രളയത്തെ നിയന്ത്രിക്കുന്നതിലും വനങ്ങളുടെ പങ്ക് നിസ്തുലമാണ്. വികസന പ്രക്രിയ ത്വരിതഗതിയിൽ നടക്കുന്ന കേരളത്തിൽ പ്രകൃതി സമ്പത്തിന്റെ ആരോഗ്യം നിലനിർത്തേണ്ടത് ജലസുരക്ഷയ്ക്കും, പാരിസ്ഥിതിക ഭദ്രതയ്ക്കും, സുസ്ഥിരവികസനത്തിനും അത്യാവശ്യമാണ്. ഈ സാഹചര്യത്തിലാണ് സ്വാഭാവിക വനങ്ങളുടെയും ആവാസവ്യവസ്ഥകളുടെയും പുനഃസ്ഥാപനം സംബന്ധിച്ച് ഒരു നയരേഖ സർക്കാർ പുറത്തിറക്കുന്നതെന്ന് വനം മന്ത്രി എ.കെ.ശശീന്ദ്രൻ പറഞ്ഞു.

പാരിസ്ഥിതിക സുരക്ഷ ഉറപ്പാക്കിയും ജീവനോപാധികൾ സംരക്ഷിച്ചും സുസ്ഥിരവികസനം യാഥാർത്ഥ്യമാക്കുന്നതിന് വനം വകുപ്പ് മാത്രമല്ല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റുസർക്കാർ വകുപ്പുകൾ, സർക്കാർ ഇതരസംവിധാനങ്ങൾ, വാണിജ്യകൂട്ടായ്മകൾ, വിദ്യാർഥികൾ, പൊതുജനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവ പരസ്പര പൂരകങ്ങളായി വർത്തിച്ച് വന പുനഃസ്ഥാപനം അടിസ്ഥാനമായിട്ടുള്ള സുസ്ഥിരവികസനത്തിന്, ഭൂവിഭാഗത്തിനാകെ അനുയോജ്യമായ പ്ലാൻ ബന്ധപ്പെട്ട പങ്കാളികളുടെ സഹകരണത്തോടുകൂടി തയ്യാറാക്കി നടപ്പിലാക്കാനാണ് നയരേഖ ലക്ഷ്യമിടുന്നത്.

നിലവിലുള്ള വനങ്ങളുടെ ആരോഗ്യം വീണ്ടെടുക്കുന്നതിനും മണ്ണ്ജലസംരക്ഷണം ലക്ഷ്യമാക്കിയും സർക്കാർ ഉടമസ്ഥതയിലുള്ള ശോഷിച്ച വനങ്ങൾ, അക്കേഷ്യ, വാറ്റിൽ, യൂക്കാലി തോട്ടങ്ങൾ, നിലവിലുള്ള തേക്ക് തോട്ടങ്ങളിൽ പരാജയപ്പെട്ടവ, വളർച്ച മുരടിച്ചവ, വന്യജീവി വഴിത്താരകളിലുള്ളവ, പ്രകൃതിദുരന്ത സാദ്ധ്യതാ പ്രദേശങ്ങളിലുള്ളവ, നദീതീരങ്ങളിലുള്ളവ എന്നിവ ഘട്ടം ഘട്ടമായി സ്വാഭാവിക വനങ്ങളാക്കി മാറ്റും.

വെട്ടിമാറ്റുന്ന വ്യാവസായിക തോട്ടങ്ങളിൽ നിന്നുള്ള അസംസ്കൃത വസ്തുക്കൾ കേരളത്തിലെ ചെറുകിട വനാധിഷ്ഠിത വ്യവസായങ്ങൾക്ക് ന്യായവിലയ്ക്ക് നൽകുവാനും വരുമാനത്തിന്റെ 50 ശതമാനം പരിസ്ഥിതിപുനഃസ്ഥാപന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും ബാക്കി 50 ശതമാനം നിലനിർത്തുന്ന തേക്ക്തോട്ടങ്ങളുടെ മെച്ചപ്പെട്ട പരിപാലനത്തിനും വനാധിഷ്ഠിത സമൂഹത്തിന്റെ ഉന്നമനത്തിനും ആധുനിക വനപരിപാലന പ്രവർത്തനങ്ങൾക്കും ചാക്രിക നിധിയായി വിനിയോഗിക്കും.

വനത്തിന്റെ ആവാസവ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്നതും നമ്മുടെ ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമല്ലാത്തതുമായ സെന്ന (മഞ്ഞക്കൊന്ന), ലന്റാന, മൈക്കേനിയ തുടങ്ങിയ സസ്യങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്ത് സ്വാഭാവികമായി കാണപ്പെടുന്ന തദ്ദേശ സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന രീതിയിൽ മണ്ണ്ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കും. മേൽ പ്രവർത്തികൾ നടപ്പിലാക്കുന്നതിന് പങ്കാളിത്ത വനപരിപാലന മാർഗ്ഗങ്ങൾ സ്വീകരിക്കും. ഇത്തരം പ്രവർത്തികളിലൂടെ വനാശ്രിത സമൂഹങ്ങൾക്കിടയിൽ അധികതൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കും.

ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയശേഖരണം, മൂല്യവർദ്ധനവ്, മെച്ചപ്പെട്ട വിപണനം എന്നിവ ഉറപ്പുവരുത്തി ആദിവാസി സമൂഹത്തിന് തൊഴിലവസരങ്ങളും, ജീവസന്ധാരണമാർഗ്ഗങ്ങളും, കാടിന്റെ സംരക്ഷണവും സാധ്യമാക്കും.

ജൈവവൈവിദ്ധ്യ സമ്പത്തിന്റെ തുരുത്തുകളായ കാവുകൾ പൊതുജന പങ്കാളിത്തത്തോടെ സംരക്ഷിക്കുവാനുള്ള പദ്ധതികൾക്ക് പ്രോത്സാഹനം നൽകും.

പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കും. കേരളത്തിലെ ഓരോ പഞ്ചായത്തും/ മുനിസിപ്പാലിറ്റിയും/ കോർപ്പറേഷനും 'കാർബൺ ന്യൂട്രൽ' ആക്കുകയെന്ന ലക്ഷ്യം നിറവേറ്റുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ്, കുടുംബശ്രീ, വനസംരക്ഷണ സമിതികൾ/ ഇക്കോ ഡെവലപ്പ്മെന്റ് കമ്മറ്റികൾ, സ്വയംസഹായ സംഘങ്ങൾ തുടങ്ങിയവയുടെ സേവനം ഉപയോഗപ്പെടുത്തും. ഇത് വ്യാപകമായ തൊഴിൽദിനങ്ങൾ സൃഷ്ടിക്കും. ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾക്കനുസരിച്ചുള്ള വൃക്ഷങ്ങൾ സ്വാഭാവികവനങ്ങളുടെ പുനഃസ്ഥാപനത്തിനായി പ്രോത്സാഹിപ്പിക്കും.

തീരദേശ ജനതയുടെയും തദ്ദേശസ്വയം ഭരണവകുപ്പിന്റെയും പൂർണ്ണ പങ്കാളിത്തത്തോടെ തീരപ്രദേശത്തിന് അനുയോജ്യമായ സസ്യങ്ങൾ വച്ചു പിടിപ്പിച്ച് തീരവനം നിർമ്മിക്കും.

വിദ്യാലയങ്ങളിലും നഗരങ്ങളിലും മറ്റും ചെറുവനങ്ങൾ നട്ടുപിടിപ്പിക്കുന്ന പദ്ധതികളും, കാർബൺ ആഗികരണം ലക്ഷ്യമാക്കി സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയും വിദ്യാഭ്യാസവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങിയ മറ്റു ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ വ്യാപിപ്പിക്കും.

കാടിന്റെ അതിർത്തിനിർണ്ണയം പൂർത്തീകരിച്ച് ജണ്ടകൾ നിർമ്മിച്ച് സംരക്ഷിക്കുകയും വനാതിർത്തികളുടെ ഡിജിറ്റൈസേഷൻ നടത്തുകയും ചെയ്യും. വനസുരക്ഷ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ, വാഹനങ്ങൾ, ആയുധങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കും.

കേരളത്തിന്റെ പശ്ചിമഘട്ട മലനിരകൾ മുതൽ സമുദ്രതീരം വരെയുള്ള എല്ലാ പ്രദേശങ്ങളെയും ഉൾപ്പെടുത്തി ഈ മേഖലയിലെ ജൈവ സമ്പത്തിന്റെ സംരക്ഷണം, ജലസംരക്ഷണം, കാലാവസ്ഥാവ്യതിയാനം ചെറുക്കൽ, മനുഷ്യവന്യജീവി സംഘർഷം ലഘൂകരിക്കൽ തുടങ്ങി മനുഷ്യരാശിയുടെ നിലനിൽപ്പിനെ തന്നെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളുടെ സമഗ്രമായ പരിഹാരം ആണ് പരിസ്ഥിതി നയരേഖ മുന്നോട്ടുവയ്ക്കുന്നത്.

# സ്ത്രീപക്ഷ നവകേരളം: മാർച്ച് 8 വരെ ഒന്നാംഘട്ട പരിപാടികൾ

സ്ത്രീപീഡനങ്ങൾക്കും സ്ത്രീധനത്തിനുമെതിരെ കുടുംബശ്രീ മിഷൻ സംഘടിപ്പിക്കുന്ന സ്ത്രീപക്ഷ നവകേരളത്തിന്റെ ഭാഗമായി ഡിസംബർ 18 മുതൽ അന്താരാഷ്ട്ര വനിതാ ദിനമായ മാർച്ച് 8വരെ ഒന്നാംഘട്ട പരിപാടികൾ സംഘടിപ്പിക്കുമെന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

സംസ്ഥാനത്തെ എല്ലാ അയൽക്കൂട്ടങ്ങളും സ്ത്രീപക്ഷ നവകേരളത്തിന്റെ ഭാഗമായി ആലോചനാ യോഗങ്ങൾ ചേരും. ഓരോ അയൽക്കൂട്ട പ്രദേശത്തും നടപ്പിലാക്കേണ്ട സ്ത്രീപക്ഷ കർമ്മപദ്ധതി തയ്യാറാക്കും. അയൽക്കൂട്ട പ്രദേശത്തെ ഓരോ വീടിനെയും കുടുംബത്തേയും പഠനവിധേയമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കുക. അതിന് ശേഷം സംസ്ഥാനത്തെ ഇരുപത്തിരണ്ടായിരത്തിലേറെ വാർഡുകളിൽ സ്ത്രീപക്ഷ കൂട്ടായ്മകൾ സംഘടിപ്പിക്കും. ഓരോ വാർഡിലേയും അയൽക്കൂട്ടങ്ങൾ തയ്യാറാക്കിയ സ്ത്രീപക്ഷ കർമ്മപദ്ധതിയുടെ അവതരണവും ചർച്ചയും ക്രോഡീകരണവും വാർഡ് തലത്തിൽ നടക്കും. വാർഡ് തല സ്ത്രീപക്ഷ കർമ്മപദ്ധതി തയ്യാറാക്കിയാണ് സ്ത്രീപക്ഷ കൂട്ടായ്മകൾ സമാപിക്കുക. മൂന്നാമത് തലത്തിൽ പഞ്ചായത്ത്, നഗരസഭകളിൽ സ്ത്രീശക്തി സംഗമങ്ങൾ സംഘടിപ്പിക്കും. സി ഡി എസ് ഭരണസമിതി, തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതി, വിവിധ മേഖലകളിലെ വിദഗ്ധർ, പ്രദേശത്തെ സെലിബ്രിറ്റികൾ, ആദരണീയരായ വ്യക്തികൾ, വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിത്വങ്ങൾ തുടങ്ങിയവരെ ഉൾപ്പെടുത്തിയാണ് സ്ത്രീശക്തി സംഗമങ്ങൾ നടക്കുക. തദ്ദേശ ഭരണ സ്ഥാപന തലത്തിലുള്ള സംഗമത്തിൽ ഓരോ വാർഡിന്റെയും സ്ത്രീപക്ഷ കർമ്മപദ്ധതി അവതരണവും ചർച്ചയും നടക്കും. വാർഡുതല കർമ്മപദ്ധതികൾ ക്രോഡീകരിച്ച് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സ്ത്രീപക്ഷ കർമ്മപദ്ധതി തയ്യാറാക്കും. കർമ്മപദ്ധതിയുടെ ഒരു പകർപ്പ് ജില്ലാ മിഷനുകൾക്ക് കൈമാറും. സ്ത്രീശക്തീ സംഗമത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെയും വ്യത്യസ്ത മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച സ്ത്രീകളെ ആദരിക്കുകയും സ്ത്രീപക്ഷ നവകേരള വിളംബരം പുറപ്പെടുവിക്കുകയും ചെയ്യുമെന്ന് മന്ത്രി വ്യക്തമാക്കി.

ജില്ലാ തലത്തിൽ സംഘടിപ്പിക്കുന്ന സ്ത്രീപക്ഷ നവകേരള സംഗമത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കർമ്മപദ്ധതികൾ സമഗ്രമായി പരിശോധിച്ച് ക്രോഡീകരിക്കും. ജില്ലാ ഭരണകൂടം, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ, വിവിധ വകുപ്പുകൾ, കലാ സാംസ്കാരിക രംഗത്തെ പ്രമുഖർ തുടങ്ങിയവർ പങ്കാളികളാവുന്ന സെമിനാറിൽ ജില്ലയുടെ കരട് സ്ത്രീപക്ഷ കർമ്മപദ്ധതി അവതരിപ്പിക്കും. ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർത്ത് അന്തിമ കർമ്മ പദ്ധതി തയ്യാറാക്കും. ജില്ലയിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ സ്ത്രീപക്ഷ നവകേരള വിളംബരം ശിലയിൽ കൊത്തി വയ്ക്കും. മാർച്ച് 8ന് അന്താരാഷ്ട്ര സ്ത്രീപക്ഷ കോൺക്ലേവ് സംഘടിപ്പിക്കും. ഇവിടെ ഉരുത്തിരിഞ്ഞുവരുന്ന സ്ത്രീപക്ഷ കർമ്മ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള സ്ത്രീപക്ഷ സാമൂഹ്യസാക്ഷരതാ പ്രവർത്തനങ്ങൾ തുടർനാളുകളിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

# നിയമസഭാ ലൈബ്രറിയെ ജനകീയവത്ക്കരിക്കും: സ്പീക്കർ എം.ബി. രാജേഷ്

നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി വർഷം ആശയങ്ങളുടെ ആഘോഷവും വിജ്ഞാനത്തിന്റെ ഉത്സവവുമാക്കി മാറ്റുമെന്നും ലൈബ്രറി സേവനങ്ങൾ പൊതുജനങ്ങൾക്കുകൂടി പ്രാപ്യമാകത്തക്കവിധം ജനകീയമാക്കുമെന്നും നിയമസഭാ സ്പീക്കർ എം.ബി. രാജേഷ്. നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷം ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

നിയമസഭയുടെ രേഖകൾ ഗവേഷകർക്കും വിദ്യാർത്ഥികൾക്കും ഉപയോഗിക്കത്തക്ക വിധം ലൈബ്രറി രീതിയിൽ മാറ്റം വരുത്തുകയും ചെയ്യും. അറിവിന്റെ കുത്തകവൽക്കരണമല്ല ജനാധിപത്യവല്കരണമാണ് വേണ്ടത്. ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി ഏകദേശം 20 ലക്ഷം പേജുകൾ ഡിജിറ്റൈസ് ചെയ്യുമെന്നും അന്താരാഷ്ട്ര പ്രസാധകരെക്കൂടി ഉൾപ്പെടുത്തി പുസ്തകോത്സവം സംഘടിപ്പിക്കുമെന്നും എം.ബി രാജേഷ് പറഞ്ഞു.

ആഘോഷങ്ങളുടെ ഭാഗമായി ജില്ലകളിൽ പുസ്തകോത്സവം സംഘടിപ്പിക്കുന്നതിനും നോബൽ ജേതാക്കളെ ഉൾപ്പെടുത്തി പ്രഭാഷണ പരമ്പര സംഘടിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടെന്നും സ്പീക്കർ പറഞ്ഞു.

ശതാബ്ദി ആഘോഷങ്ങളുടെ ലോഗോ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ലൈബ്രറി ഉപദേശക സമിതി അംഗം ഡോ.എം.കെ.മുനീർ എം.എൽ.എ യ്ക്ക് നൽകി പ്രകാശനം ചെയ്തു. നിയമസഭാംഗമായ കാലം മുതൽ തന്നെ നിയമസഭാ പ്രവർത്തനങ്ങളിൽ ലൈബ്രറിയുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്നും 1,14,000 വൈവിധ്യമാർന്ന പുസ്തകങ്ങളുടെ കലവറയാണ് നിയമസഭാ ലൈബ്രറിയെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു. ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അധ്യക്ഷത വഹിച്ചു. ലോഗോ രൂപകല്പന ചെയ്ത ബിജു ഡേവിഡ് ജോൺസിനെ ചടങ്ങിൽ അഭിനന്ദിച്ചു.

റവന്യൂ മന്ത്രി കെ.രാജൻ, ചീഫ് വിപ്പ് ഡോ എൻ ജയരാജ്, എം.എൽ.എ മാരായ മാത്യു ടി തോമസ്, മോൻസ് ജോസഫ് എന്നിവർ ആശംസാ പ്രസംഗം നടത്തി. നൂറാം വാർഷികം പ്രമാണിച്ച് വായനയും സാമൂഹ്യ പരിവർത്തനവും എന്ന വിഷയത്തെ ആസ്പദമാക്കി സംസ്കൃത സർവകലാശാല മുൻ പ്രൊവൈസ് ചാൻസലർ ഡോ. കെ.എസ്.രവികുമാർ പ്രഭാഷണം നടത്തി.

ചടങ്ങിൽ ലൈബ്രറി ഉപദേശക സമിതി ചെയർമാൻ തോമസ് കെ.തോമസ് എം.എൽ.എ സ്വാഗതവും സമിതി അംഗം കെ. അൻസലൻ എം.എൽ.എ കൃതജ്ഞതയും രേഖപ്പെടുത്തി. ഡോ.കെ.എസ്. രവികുമാറിനുള്ള നിയമസഭയുടെ ഉപഹാരം സ്പീക്കർ നൽകി.

ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച സാമാജികരുടെ ഗ്രന്ഥങ്ങൾ ഉൾപ്പെടുത്തിയ പുസ്തക പ്രദർശനം രാവിലെ ലൈബ്രറി ഉപദേശക സമിതി ചെയർമാൻ തോമസ് കെ.തോമസ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ നിയമസഭാ സെക്രട്ടറി എസ്.വി.ഉണ്ണികൃഷ്ണൻ നായർ, സ്പെഷ്യൽ സെക്രട്ടറി ആർ. കിഷോർ കുമാർ, ചീഫ് ലൈബ്രറിയൻ ജി.മേരി ലീല എന്നിവർ പങ്കെടുത്തു. പുസ്തക പ്രദർശനം വെള്ളിയാഴ്ചയും തുടരും.

# വാഹനങ്ങളുടെ ഓൺലൈൻ സേവനം പ്രവർത്തനസജ്ജം: മന്ത്രി

സംസ്ഥാന മോട്ടോർ വാഹന വകുപ്പിലെ ഓൺലൈൻ സേവനങ്ങൾ പൂർണമായി പ്രവർത്തനസജ്ജമായെന്ന് ഗതാഗതമന്ത്രി ആന്റണി രാജു അറിയിച്ചു. ഡ്രൈവിംഗ് ലൈസൻസ്, ലേണേഴ്സ് ലൈസൻസ്, ഫാക്ടറി നിർമിത ബോഡിയോടുകൂടിയുള്ള വാഹന രജിസ്ട്രേഷൻ, സ്റ്റേജ് കാരിയേജ് ഒഴികെയുള്ള വാഹന പെർമിറ്റ് എന്നിവ നേരത്തെ ഓൺലൈനായിരുന്നു. വാഹന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട മറ്റ് സേവനങ്ങൾ കൂടി ഓൺലൈനാക്കാനുള്ള നടപടികൾ വേഗത്തിലാക്കണമെന്ന് ഗതാഗത കമ്മീഷണറോട് സർക്കാർ ആവശ്യപ്പെട്ടിരുന്നു. ഇതിനെ തുടർന്ന് ആവശ്യമായ സോഫ്റ്റ്വെയർ ക്രമീകരണങ്ങൾ പൂർത്തിയാക്കിയാണ് ഇപ്പോൾ ഓൺലൈൻ സേവനങ്ങൾ പ്രവർത്തനസജ്ജമായത്. ഇനി മുതൽ ആധാർ നമ്പർ അടിസ്ഥാനമാക്കി ഓൺലൈനായി അപേക്ഷിക്കുന്നവർക്ക് ഓഫീസിലെത്തി രേഖകൾ സമർപ്പിക്കാതെ തന്നെ സേവനങ്ങൾ ലഭ്യമാകും. ഇതോടെ നേരിട്ട് ഹാജരാകേണ്ട ഡ്രൈവിംഗ് ടെസ്റ്റ്, വാഹന പരിശോധന എന്നിവ ഒഴികെയുള്ള മറ്റെല്ലാ സേവനങ്ങളും ഓൺലൈനിലൂടെ ലഭ്യമാകുമെന്ന് മന്ത്രി പറഞ്ഞു.

രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലെ മേൽവിലാസം തിരുത്തൽ, വാഹനത്തിന്റെ ഉടമസ്ഥാവകാശം മാറ്റൽ, വാഹനത്തിന്റെ എൻ.ഒ.സി, ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഹൈപ്പോത്തിക്കേഷൻ റദ്ദ് ചെയ്യൽ, ഹൈപ്പോത്തിക്കേഷൻ എൻഡോഴ്സ്മെന്റ് തുടങ്ങിയ സേവനങ്ങൾ ഡിസംബർ 24 മുതൽ ഓൺലൈനായി ലഭിക്കും. വാഹനങ്ങളുടെ പെർമിറ്റ് പുതുക്കുന്നതിന് മൊബൈൽ ഓതന്റിക്കേഷൻ മാത്രം മതിയെന്നും തീരുമാനിച്ചിട്ടുണ്ട്. വാഹനം കൈമാറ്റം ചെയ്യുമ്പോൾ പഴയ ഉടമസ്ഥൻ ഒറിജിനൽ ആർ.സി. പുതിയ ഉടമസ്ഥന് നൽകി രസീത് വാങ്ങി സൂക്ഷിക്കണം. പുതിയ സംവിധാനം നിലവിൽ വരുന്നതോടെ മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ പൊതുജനങ്ങൾക്ക് അനായാസമായി അതിവേഗം ലഭ്യമാകുമെന്ന് മന്ത്രി പറഞ്ഞു.




വ്യാവസായിക ആടുവളർത്തൽ,ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് എന്നീ പദ്ധതികളുടെ ഉദ്ഘാടനം കൊട്ടിയം മേഖലാ ബീജസങ്കലന കേന്ദ്രത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ നിർവ്വഹിക്കുന്നു

# ഗോത്രവർഗ മേഖലയിലെ തനത് ഭക്ഷ്യസംസ്കാരം വീണ്ടെടുക്കണം: സ്പീക്കർ എം.ബി രാജേഷ്

ഗോത്രവർഗ മേഖലകളിൽ തനതായ കൃഷിരീതികൾ അവലംബിക്കണമെന്നും ഊരുകളിൽ തൊഴിലും അതിലൂടെ വരുമാനവും ഉണ്ടാകണമെന്നും നിയമസഭ സ്പീക്കർ എം.ബി രാജേഷ്.

സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ഗോത്രവർഗ മേഖലയിലെ ഭക്ഷ്യ ഭദ്രതയും തനത് ഭക്ഷ്യസംസ്കാരം വീണ്ടെടുക്കലും എന്ന വിഷയങ്ങളെ ആസ്പദമാക്കി സംഘടിപ്പിച്ച 'തനിമ' ഏകദിന സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു സ്പീക്കർ .

തനത് ഗോത്രവർഗ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'മില്ലറ്റ് വില്ലേജ്' പദ്ധതി സർക്കാർ നടപ്പാക്കിയിട്ടുണ്ടെന്നും ഊരുകളിലെ ഭക്ഷ്യ ഭദ്രതയുമായി ബന്ധപ്പെട്ട് തുടർച്ചയായ ഇടപെടലുകൾ വേണമെന്നും സ്പീക്കർ പറഞ്ഞു. ഭക്ഷ്യ,കൃഷി,പട്ടികജാതി വികസന വകുപ്പുകളുടെ ഏകോപനത്തിലൂടെ തനതായ ഭക്ഷ്യ സംസ്കാരം വീണ്ടെടുക്കാൻ ശ്രമിക്കണമെന്നും തനത് കൃഷിരീതികളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ കണ്ടെത്തണമെന്നും അദ്ദേഹം പറഞ്ഞു. സെമിനാറിൽ ഉരുത്തിരിഞ്ഞുവരുന്ന ആശയങ്ങളും നിർദ്ദേശങ്ങളും രേഖയാക്കി സർക്കാരിന് സമർപ്പിക്കാനും സ്പീക്കർ നിർദ്ദേശിച്ചു. പൊതുവിതരണ സംവിധാനത്തിലൂടെ ലഭിക്കുന്ന ഭക്ഷ്യ ഉൽപ്പന്നങ്ങൾക്കും ധാന്യങ്ങൾക്കും പകരം ഗോത്ര വർഗക്കാർക്ക് ആവശ്യമായ ഉത്പ്പന്നങ്ങൾ വിതരണം ചെയ്യാൻ തയ്യാറാണെന്ന് ചടങ്ങിൽ അധ്യക്ഷനായ ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ അനിൽ പറഞ്ഞു.

കേരളത്തിൽ 36 ആദിവാസി ഊരുകളിൽ നേരിട്ട് പൊതുവിതരണ സംവിധാനങ്ങളിലൂടെ ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നുണ്ടെന്നും ഇത് സ്ഥിരം സംവിധാനമാക്കി സർക്കാർ ഉടൻ മാറ്റുമെന്നും മന്ത്രി പറഞ്ഞു. ഗോതമ്പിനു പകരം അഞ്ച് കിലോ ആട്ട ഗോത്ര മേഖലകളിൽ വിതരണം ചെയ്യാൻ പൊതുവിതരണ വകുപ്പ് തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു.

ഗോത്രമേഖലകളിൽ പ്രവർത്തിക്കുന്നവരും വിദഗ്ധരുമായ ഡോ. റ്റി.ആർ സുമ, ഡോ. സി.എസ് ചന്ദ്രിക, സിന്ദു സാജൻ, സി. ജയകുമാർ എന്നിവർ സെമിനാറിൽ വിഷയാവതരണം നടത്തി. ബി. രാജേന്ദ്രൻ മോഡറേറ്ററായി. പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ ടി.വി അനുപമ, സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർമാൻ കെ.വി. മോഹൻകുമാർ, പൊതുവിതരണ വകുപ്പ് കമ്മീഷണർ ഡോ. ഡി. സജിത്ത് ബാബു, റേഷനിംഗ് കൺട്രോളർ എസ്.കെ. ശ്രീലത, ഭക്ഷ്യ കമ്മീഷൻ മെമ്പർമാരായ കെ. ദിലീപ് കുമാർ, എം വിജയലക്ഷ്മി, കെ.എസ് ശ്രീജ, പി. വസന്തം, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മരുതി മുരുകൻ എന്നിവർ പങ്കെടുത്തു.

# ജൈവക്കൃഷിയെക്കുറിച്ചുള്ള ദേശീയ സമ്മേളനത്തിൽ പ്രധാനമന്ത്രി കർഷകരെ അഭിസംബോധന ചെയ്തു

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി വീഡിയോ കോൺഫറൻസിലൂടെ ജൈവക്കൃഷിയെക്കുറിച്ചുള്ള ദേശീയ സമ്മേളനത്തിൽ കർഷകരെ അഭിസംബോധന ചെയ്തു. കേന്ദ്രമന്ത്രിമാരായ ശ്രീ അമിത് ഷാ, ശ്രീ നരേന്ദ്ര സിംഗ് ടോമർ, ഗുജറാത്ത് ഗവർണർ, ഗുജറാത്ത്, ഉത്തർപ്രദേശ് മുഖ്യമന്ത്രിമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. കർഷകരെ അഭിസംബോധന ചെയ്തുകൊണ്ട്, സ്വാതന്ത്ര്യത്തിന്റെ നൂറാം വർഷം വരെയുള്ള യാത്രയുടെ പുതിയ വെല്ലുവിളികളും പുതിയ ആവശ്യകതകളും അനുസരിച്ച് കൃഷിയെ പൊരുത്തപ്പെടുത്താൻ പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

കഴിഞ്ഞ 67 വർഷങ്ങളിൽ കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിന് വിത്ത് മുതൽ വിപണി വരെ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. മണ്ണ് പരിശോധന മുതൽ നൂറുകണക്കിന് പുതിയ വിത്തുകൾ വരെയുള്ള നടപടികൾ, പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി മുതൽ ഉൽപ്പാദനച്ചെലവിന്റെ 1.5 മടങ്ങ് താങ്ങുവില നിശ്ചയിക്കുന്നത് വരെ, ജലസേചനം മുതൽ കിസാൻ റെയിലിന്റെ ശക്തമായ ശൃംഖല വരെയുള്ള നടപടികൾ ഈ മേഖലയെ ആ ദിശയിലേക്ക് നയിച്ചു. പരിപാടിയുമായി ബന്ധപ്പെട്ട രാജ്യങ്ങളിലെ കർഷകരെ അദ്ദേഹം അഭിവാദ്യം ചെയ്തു. ഹരിതവിപ്ലവത്തിൽ രാസവസ്തുക്കളുടെയും രാസവളങ്ങളുടെയും പ്രധാന പങ്ക് അംഗീകരിച്ചുകൊണ്ട്, അതിന്റെ ബദലുകളിൽ ഒരേസമയം പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. കീടനാശിനികളുടെയും ഇറക്കുമതി ചെയ്യുന്ന രാസവളങ്ങളുടെയും അപകടസാധ്യതകൾ കാർഷികോൽപ്പാദന ഉപാധികളുടെ വില വർദ്ധിപ്പിക്കുന്നതിനും ആരോഗ്യത്തിന് ഹാനികരമാകുന്നതിനും കാരണമാകുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി. കൃഷിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൂടുതൽ വഷളാകുന്നതിന് മുമ്പ് വലിയ നടപടികൾ കൈക്കൊള്ളാനുള്ള ശരിയായ സമയമാണിതെന്ന് പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു.

"നമ്മുടെ കൃഷിയെ രസതന്ത്രത്തിന്റെ പരീക്ഷണശാലയിൽ നിന്ന് പുറത്തെടുത്ത് പ്രകൃതിയുടെ പരീക്ഷണശാലയുമായി ബന്ധിപ്പിക്കേണ്ടതുണ്ട്. ഞാൻ പ്രകൃതിയുടെ ലബോറട്ടറിയെക്കുറിച്ച് പറയുമ്പോൾ, അത് പൂർണ്ണമായും ശാസ്ത്രാധിഷ്ഠിതമാണ്", പ്രധാനമന്ത്രി പറഞ്ഞു. ഇന്ന് ലോകം എത്രത്തോളം ആധുനികമാവുന്നുവോ അത്രയധികം അത് 'അടിസ്ഥാനത്തിലേക്ക്' നീങ്ങുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

പ്രധാനമന്ത്രി പറഞ്ഞു, "അതിനർത്ഥം നിങ്ങളുടെ വേരുകളുമായി ബന്ധിപ്പിക്കുക എന്നാണ്. കർഷക സുഹൃത്തുക്കളേ നിങ്ങളേക്കാൾ നന്നായി ആർക്കാണ് ഇത് മനസ്സിലാവുക ? നാം എത്രത്തോളം വേരുകൾ നനയ്ക്കുന്നുവോ അത്രയധികം ചെടി വളരും", പ്രധാനമന്ത്രി പറഞ്ഞു.

കൃഷിയെക്കുറിച്ചുള്ള ഈ പ്രാചീനമായ അറിവ് നാം വീണ്ടും പഠിക്കുക മാത്രമല്ല, ആധുനിക കാലത്തേക്ക് അതിനെ മൂർച്ച കൂട്ടുകയും വേണമെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ഈ ദിശയിൽ, നമുക്ക് പുതിയ ഗവേഷണം നടത്തേണ്ടതുണ്ട്, പുരാതന അറിവുകളെ ആധുനിക ശാസ്ത്ര ചട്ടക്കൂടിലേക്ക് വാർത്തെടുക്കുക. ലഭിച്ച ജ്ഞാനത്തെക്കുറിച്ച് ജാഗ്രത പാലിക്കണമെന്ന് പ്രധാനമന്ത്രി ആവശ്യപ്പെട്ടു. വിളകളുടെ അവശിഷ്ടങ്ങൾ കത്തിക്കുന്നതിനെക്കുറിച്ചുള്ള പ്രചാരത്തിലുള്ള ധാരണകൾ ഉദ്ധരിച്ച്, വയലിന് തീയിടുന്നതിലൂടെ ഭൂമിയുടെ ഫലഭൂയിഷ്ഠമായ ശേഷി നഷ്ടപ്പെടുമെന്ന് വിദഗ്ധർ സ്ഥാപിച്ചിട്ടും ഇത് സംഭവിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. രാസവസ്തുക്കളില്ലാതെ വിളവെടുപ്പ് നല്ലതല്ലെന്ന മിഥ്യാധാരണയും ഉയർന്നുവന്നിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അതേസമയം സത്യം തികച്ചും വിപരീതമാണ്. നേരത്തെ രാസവസ്തുക്കൾ ഇല്ലായിരുന്നുവെങ്കിലും നല്ല വിളവാണ് ലഭിച്ചത്. മാനവികതയുടെ വികാസത്തിന്റെ ചരിത്രമാണ് ഇതിന് സാക്ഷ്യം വഹിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. 'പുതിയ കാര്യങ്ങൾ പഠിക്കുന്നതിനൊപ്പം, നമ്മുടെ കൃഷിയിൽ കടന്നുകൂടിയ തെറ്റായ രീതികൾ നമ്മൾ പഠിക്കേണ്ടതുണ്ട്,' അദ്ദേഹം പറഞ്ഞു. ഐസിഎആർ, കാർഷിക സർവ്വകലാശാലകൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ കടലാസുകൾക്കപ്പുറം പ്രായോഗിക വിജയത്തിലേക്ക് കൊണ്ടുപോകുന്നതിലൂടെ ഇതിൽ വലിയ പങ്ക് വഹിക്കാനാകുമെന്ന് ശ്രീ മോദി പറഞ്ഞു. സ്വാഭാവിക കൃഷിയിൽ നിന്ന് ഏറ്റവും കൂടുതൽ പ്രയോജനം ലഭിക്കുന്നവർ രാജ്യത്തെ 80% കർഷകരാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

2 ഹെക്ടറിൽ താഴെ ഭൂമിയുള്ള ചെറുകിട കർഷകർ. ഇവരിൽ ഭൂരിഭാഗം കർഷകരും രാസവളങ്ങൾക്കായി ധാരാളം ചെലവഴിക്കുന്നു. അവർ സ്വാഭാവിക കൃഷിയിലേക്ക് തിരിയുകയാണെങ്കിൽ, അവരുടെ അവസ്ഥ മെച്ചപ്പെടും, പ്രധാനമന്ത്രി പറഞ്ഞു.

ജൈവക്കൃഷിയെ ഒരു ബഹുജന പ്രസ്ഥാനമാക്കാൻ എല്ലാ സംസ്ഥാനങ്ങളും എല്ലാ സംസ്ഥാന ഗവണ്മെന്റുകളും മുന്നോട്ട് വരണമെന്ന് പ്രധാനമന്ത്രി അഭ്യർത്ഥിച്ചു. ഈ അമൃത് മഹോത്സവത്തിൽ ഓരോ പഞ്ചായത്തിലെയും കുറഞ്ഞത് ഒരു ഗ്രാമത്തെയെങ്കിലും ജൈവക്കൃഷിയുമായി ബന്ധപ്പെടുത്താൻ ശ്രമിക്കണം, അദ്ദേഹം നിർദേശിച്ചു. കാലാവസ്ഥാ വ്യതിയാന ഉച്ചകോടിയിൽ, 'പരിസ്ഥിതിക്കുള്ള ജീവിതശൈലി' ഒരു ആഗോള ദൗത്യമാക്കാൻ താൻ ലോകത്തോട് ആഹ്വാനം ചെയ്തത് പ്രധാനമന്ത്രി അനുസ്മരിച്ചു.

21ാം നൂറ്റാണ്ടിൽ ഇന്ത്യയും അതിലെ കർഷകരും ഇക്കാര്യത്തിൽ നേതൃത്വം വഹിക്കാൻ പോകുന്നു.

സ്വാതന്ത്ര്യത്തിന്റെ അമൃത് മഹോത്സവത്തിൽ ഭാരതാംബയുടെ ഭൂമിയെ രാസവളങ്ങളിൽ നിന്നും കീടനാശിനികളിൽ നിന്നും മുക്തമാക്കുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം, പ്രധാനമന്ത്രി ജനങ്ങളെ ഉദ്ബോധിപ്പിച്ചു. 2021 ഡിസംബർ 14 മുതൽ 16 വരെയാണ് ഗുജറാത്ത് ഗവണ്മെന്റ് ജൈവക്കൃഷിയെക്കുറിച്ചുള്ള ദേശീയ സമ്മേളനം സംഘടിപ്പിച്ചിട്ടുള്ളത് ത്രിദിന ഉച്ചകോടി സംഘടിപ്പിച്ചിച്ചത്.

സംസ്ഥാനങ്ങളിലെ ഐസിഎആർ കേന്ദ്ര ഇൻസ്റ്റിട്യൂട്ടുകൾ , കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, എടിഎംഎ (അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി) ശൃംഖല എന്നിവയിലൂടെ തത്സമയം ബന്ധിപ്പിച്ച കർഷകരെ കൂടാതെ 5000ലധികം മറ്റു കർഷകരും സമ്മേളനത്തിൽ പങ്കെടുത്തു.

# പച്ചക്കറി വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി തക്കാളി വണ്ടികൾ

പച്ചക്കറി വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 28 സഞ്ചരിക്കുന്ന തക്കാളി വണ്ടികൾ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നിരത്തിലിറങ്ങുമെന്ന് കൃഷി മന്ത്രി പി. പ്രസാദ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം തിരുവനന്തപുരം വികാസ് ഭവനിൽ നടന്നു.

തക്കാളി ഉൾപ്പെടെ പച്ചക്കറിയുടെ വില വർധിക്കുന്ന സാഹചര്യത്തിലാണ് തക്കാളി വണ്ടികൾ രംഗത്തിറക്കുന്നത്. തക്കാളി വണ്ടിയിൽ ഒരു കിലോ തക്കാളിക്ക് 50 രൂപയാണ് വില. തക്കാളിക്കൊപ്പം മറ്റു പച്ചക്കറികളും വിലക്കുറവിൽ ലഭിക്കും.

രാവിലെ 7.30 മുതൽ വൈകിട്ട് 7.30 വരെയാണ് തക്കാളി വണ്ടി പ്രവർത്തിക്കുക. കേരളത്തിലെ വിവിധയിടങ്ങൾ, അയൽ സംസ്ഥാനങ്ങൾ, ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് തക്കാളിയും മറ്റു പച്ചക്കറികളും സംഭരിച്ച് വിതരണം ചെയ്യാനാണ് കൃഷി വകുപ്പ് നടപടി സ്വീകരിച്ചിരിക്കുന്നത്. സ്ഥിരം വിപണിയില്ലാത്ത സ്ഥലങ്ങളിൽ ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ സഞ്ചരിക്കുന്ന വിൽപനശാലകളും കൂടുതൽ ഔട്ട്ലെറ്റുകളും ആരംഭിക്കും.

കൂടുതൽ സംഭരണ കേന്ദ്രങ്ങളിൽ പച്ചക്കറി ശേഖരിച്ച് വിൽപന നടത്താൻ സർക്കാർ ഇടപെടൽ ശക്തമാക്കിയിട്ടുണ്ട്. ഇതിനായി എട്ടു കോടി രൂപ പ്രത്യേകം അനുവദിച്ചു. വരും കാലത്ത് ഇത്തരം സാഹചര്യം മുൻകൂട്ടി കണ്ട് ഇടപെടൽ നടത്തുന്നതിന് കൃഷി സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൃഷി ഡയറക്ടർ കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

പച്ചക്കറി വിതരണ മേഖലയിലെ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന് ഒരു കരുതൽ ധനം കൃഷി ഡയറക്ടർക്ക് നൽകുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. ഈ പണം ഉപയോഗിച്ച് ഇതര സംസ്ഥാനങ്ങളിൽ നിന്ന് പച്ചക്കറി സംഭരിച്ച് വിതരണം ചെയ്യാൻ കൃഷിവകുപ്പിന് സാധിക്കും. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് പച്ചക്കറി സംഭരിക്കുന്നതിനായി ഒരു സ്ഥിരം കമ്മിറ്റി കൃഷി ഡയറക്ടറുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

40 ടൺ പച്ചക്കറി വീതം പ്രതിദിനം മറ്റു സംസ്ഥാനങ്ങളിൽ നിന്ന് സംഭരിച്ച് ഹോർട്ടികോർപ്പിന്റെ ചില്ലറ വിൽപന ശാലകളിലൂടെ വിൽപന നടത്തുന്നുണ്ട്. 170 ടൺ പച്ചക്കറി പ്രാദേശികമായി വി. എഫ്. പി. സി. കെ വഴി സംഭരിച്ച് വിൽക്കുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു.

കൂടുതൽ പേരെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി ഞാനും കൃഷിയിലേക്ക് എന്ന കാമ്പയിൻ ജനുവരി ഒന്നു മുതൽ ആരംഭിക്കും. പച്ചക്കറി വിത്തുകളും തൈകളും പദ്ധതിയുടെ ഭാഗമായി സൗജന്യമായി വിതരണം ചെയ്യും. കൃഷി ചെയ്യുന്നതിനായി പതിനായിരം ഏക്കർ അധികമായി കണ്ടെത്തിക്കഴിഞ്ഞു.

ക്രിസ്മസ്, പതുവത്സര ആഘോഷങ്ങളുടെ ഭാഗമായി പുതുവത്സര ക്രിസ്മസ് ചന്തകൾ ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കും. ഡിസംബർ 22 മുതൽ ജനുവരി ഒന്നു വരെയാണ് ചന്തകൾ പ്രവർത്തിക്കുക. ഓരോ വാർഡിലും പത്തു പേർ അടങ്ങിയ കർഷക സംഘങ്ങൾ രൂപീകരിക്കുമെന്ന് മന്ത്രി പറഞ്ഞു.

ഒരു പഞ്ചായത്തിൽ കുറഞ്ഞത് പത്ത് സംഘങ്ങളെങ്കിലും ഉണ്ടാക്കാനാണ് ആലോചന. കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ 1937 വിപണന കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് മന്ത്രി അറിയിച്ചു.

# വാക്സിൻ എടുക്കാത്ത അധ്യാപക, അനധ്യാപകരുടെ കണക്ക് പുറത്തുവിട്ടു

സംസ്ഥാനത്തു വാക്സിൻ എടുക്കാത്ത അധ്യാപക, അനധ്യാപകരുടെ കണക്ക് പുറത്തുവിട്ട് പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി ശിവൻകുട്ടി. വാക്സിൻ എടുക്കാത്ത അധ്യാപകഅനധ്യാപകരുടെ എണ്ണം 1,707 ആണ്. ഇതിൽ 1,495 പേർ അധ്യാപകരും 212 പേർ അനധ്യാപകരുമാണ്.

എൽപി, യുപി, ഹൈസ്കൂൾ വിഭാഗത്തിൽ 1,066 അധ്യാപകരും 189 അനധ്യാപകരും വാക്സിൻ എടുത്തിട്ടില്ല. ഹയർസെക്കൻഡറി വിഭാഗത്തിൽ 200 അധ്യാപകരും 23 അനധ്യാപകരും വാക്സിൻ എടുക്കേണ്ടതുണ്ട്. വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ 229 അധ്യാപകർ വാക്സിൻ എടുത്തിട്ടില്ലെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

കോവിഡ് വാക്സിൻ എടുക്കാത്ത അധ്യാപകർക്കും ജീവനക്കാർക്കും മറ്റ് ഓഫീസ് ജീവനക്കാർക്കും ആഴ്ചയിൽ ആർടിപിസിആർ പരിശോധന നിർബന്ധമാക്കി. രോഗങ്ങൾ, അലർജി തുടങ്ങിയ പ്രശ്നങ്ങൾ കാരണം വാക്സിൻ എടുക്കാത്തവർ ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം. ഡിസംബർ 13 മുതൽ സ്കൂൾ യൂണിഫോം നിർബന്ധം

ഡിസംബർ 13 മുതൽ സ്കൂളുകളിൽ യൂണിഫോം നിർബന്ധമാക്കും. ബസ് കൺസെഷൻ അടക്കമുള്ള കാര്യങ്ങളിൽ ആശയക്കുഴപ്പം ഇല്ലാതാക്കാനാണ് ഇതെന്നു മന്ത്രി പറഞ്ഞു.

ഭിന്നശേഷി വിദ്യാർഥികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും എട്ടു മുതൽ തുറക്കാം. പൊതുവിദ്യാലയങ്ങൾക്ക് ബാധകമായ മാനദണ്ഡങ്ങൾ പാലിക്കണം. പൊതുവിദ്യാലയങ്ങളിലെ ഭിന്നശേഷിക്കാർക്കും സ്കൂളുകളിൽ എത്താം.

പ്ലസ് വൺ സീറ്റ് കുറവുള്ള താലൂക്കുകളുടെ എണ്ണവും മന്ത്രി പുറത്തുവിട്ടു. മൊത്തം 21 താലൂക്കുകളിലാണ് സീറ്റ് കുറവുള്ളത്. 21 താലൂക്കുകളിൽ നൽകേണ്ട ആകെ ബാച്ചുകൾ 72 ആണ്. ഒരു സയൻസ് ബാച്ചും 61 ഹ്യുമാനിറ്റീസ് ബാച്ചും 10 കോമേഴ്സ് ബാച്ചുമാണ് അനുവദിക്കുന്നത് എന്നും മന്ത്രി വി. ശിവൻകുട്ടി വ്യക്തമാക്കി.

## അപേക്ഷ ക്ഷണിച്ചു

കെൽട്രോൺ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ആറ് മാസം), വേഡ് പ്രോസസിംഗ് ആൻഡ് ഡേറ്റാ എൻട്രി (മൂന്ന് മാസം) കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കമ്പ്യൂട്ടർ ഹാർഡ്വെയർ ആൻഡ് നെറ്റ്വർക്കിംഗ്, ഫയർ ആൻഡ് സേഫ്റ്റി, അനിമേഷൻ, ടി.ടി.സി, അക്കൗണ്ടിംഗ് അഡ്വാൻസ്ഡ് കോഴ്സുകളിലേക്ക് അപേക്ഷിക്കാം. വിശദവിവരങ്ങൾ 04742731061 നമ്പരിലും ഹെഡ ഓഫ് സെന്റർ, കെൽട്രോൺ നോളജ് സെന്റർ, ടൗൺ അതിർത്തി, കൊല്ലം വിലാസത്തിലും ലഭിക്കും.

# ദ്വിദിന യുവ വനിതാ ശിൽപശാലയ്ക്ക് ഇന്ന് (ഡിസംബർ 17) തുടക്കം

ജില്ലാ കുടുംബശ്രീ മിഷൻ നീരാവിൽ പ്രകാശ് കലാകേന്ദ്രവുമായി സഹകരിച്ച് നടത്തുന്ന ദ്വിദിന യുവ വനിതാ ശിൽപശാല ഇന്ന് മുതൽ. എൻ. ജി. ഒ യൂണിയൻ ഹാളിൽ വൈകിട്ട് 4.30ന് സംസ്ഥാന വനിതാ കമ്മിഷൻ അധ്യക്ഷ പി. സതീദേവി ഉദ്ഘാടനം ചെയ്യും.

മേയർ പ്രസന്ന ഏണസ്റ്റ് അധ്യക്ഷയാകും. വനിതാ കമ്മിഷൻ അംഗം ഷാഹിദാ കമാൽ മുഖ്യപ്രഭാഷണം നടത്തും. കുടുംബശ്രീ ജില്ലാ കോഓർഡിനേറ്റർ വി. ആർ. അജു, ജില്ലാ പ്രോഗ്രാം മാനേജർ ജെൻസി ജോൺ, കോർപറേഷൻ കൗണ്ഡസിലർ ഹണി, എൻ. ജി. ഒ യൂണിയൻ സംസ്ഥാന വൈസ് പ്രസിഡന്റ് ബി. അനിൽ കുമാർ, പ്രകാശ് കലാകേന്ദ്രം പ്രസിഡന്റ് എച്ച്. രാജേഷ് തുടങ്ങിയവർ പങ്കെടുക്കും. സെമിനാറുകളിൽ ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനി എം. വിശ്വനാഥൻ, ഭക്ഷ്യ കമ്മിഷൻ അംഗം സബിതാ ബീഗം, വനിതാ കമ്മിഷൻ അംഗം ഷാഹിദാ കമാൽ തുടങ്ങിയവർ പങ്കെടുക്കും.

നാളെ (ഡിസംബർ 18) വനിതാ സമ്മേളനവും സമാപനവും നീരാവിൽ പ്രകാശ് കലാകേന്ദ്രത്തിൽ വൈകിട്ട് അഞ്ചിന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യും.

കുടുംബശ്രീ മിഷൻ ജില്ലാ കോഓർഡിനേറ്റർ വി. ആർ. അജു അധ്യക്ഷനാകും. എ. ജി. ഒലീന മുഖ്യ പ്രഭാഷണം നടത്തും. ഭക്ഷ്യ കമ്മിഷൻ അംഗം സബിതാ ബീഗം മുഖ്യതിഥിയായി പങ്കെടുക്കും. കുടംബശ്രീ ജില്ലാ പ്രോഗ്രാം മാനേജർ ആർ. ബീന പദ്ധതി വിശദീകരണം നടത്തും.

നീരാവിൽ വാർഡ് കൗൺസിലർ സിന്ധുറാണി, സി. ഡി. എസ്. ചെയർപേഴ്സൺ എസ്. ബീമ, പ്രകാശ് കലാകേന്ദ്രം ജനറൽ സെക്രട്ടറി മഹേഷ് മോഹൻ, വനിതാ വേദി സെക്രട്ടറി ആതിര സുരേഷ് എന്നിവരും സംസാരിക്കും. കുടുംബശ്രീ മിഷന്റെ നൃത്തശിൽപവും അരങ്ങേറും.

## ടെൻഡർ ക്ഷണിച്ചു

കൊല്ലം അർബൻ 1 ഐ. സി. ഡി. എസ്. പ്രോജക്ട് പരിധിയിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ ഏകീകൃത നെയിം ബോർഡ് സ്ഥാപിക്കുന്നതിന് ടെൻഡർ ക്ഷണിച്ചു. അവസാന തീയതി ഡിസംബർ 23. വിശദവിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ കൊല്ലം അർബൻ1 ഐ സി ഡി എസ് പ്രോജക്ട് ഓഫീസിലും 04742767369 നമ്പരിലും ലഭിക്കും.

# കെ. പി. അപ്പന്റെ ഓർമകൾ പുതുക്കി സ്മൃതി സംഗമം

മലയാള സാഹിത്യ നിരൂപകനായിരുന്ന കെ. പി. അപ്പന്റെ ഓർമ്മകൾ പുതുക്കി നവോദയം ഗ്രന്ഥശാലയുടെ സ്മൃതിസംഗമം. പതിമൂന്നാം ചരമ വാർഷികാത്തോടനുബന്ധിച്ച പരിപാടി നീരാവിൽ നവശക്തി ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ നിയമസഭാ സ്പീക്കർ എം. ബി രാജേഷ് ഉദ്ഘാടനം ചെയ്തു. മലയാള സാഹിത്യ നിരൂപണ രംഗത്തെ അതികായനായിരുന്നു കെ. പി. അപ്പൻ. ആധുനിക മലയാള സാഹിത്യ നിരൂപണത്തിന് തുടക്കവും അദ്ദേഹത്തിന്റെ നിന്നായിരുന്നു. സർഗാത്മകതയുടെ സൗന്ദര്യവും ശക്തിയുമുള്ള നിരൂപണങ്ങളായിരുന്നു അദ്ദേഹത്തിന്റേത് എന്നും സ്പീക്കർ പറഞ്ഞു. ഭാവിയിലേക്ക് സഞ്ചരിക്കുന്ന വായനശാലയെന്ന് നവോദയ ഗ്രന്ഥശാലയെന്നും കൂട്ടിച്ചേർത്തു.

ചടങ്ങിൽ കെ. പി. അപ്പൻ രചിച്ച 'ക്ഷോഭിക്കുന്നവരുടെ സുവിശേഷം' രണ്ടാം പതിപ്പ് സ്പീക്കർ പ്രശസ്ത എഴുത്തുകാരി ഗ്രേസിക്ക് കൈമാറി എം. ബി. രാജേഷ് പ്രകാശനം ചെയ്തു. 2019ലെ എൻ. ശിവശങ്കരപ്പിള്ള സംരംഭക അവാർഡ് കൊല്ലം കോർപ്പറേഷൻ മുൻ മേയർ വി. രാജേന്ദ്രബാബുവിന് സ്പീക്കർ നൽകി. സാഹിത്യകാരൻ പി. കെ ഹരികുമാർ കെ. പി അപ്പൻ അനുസ്മരണം നടത്തി. കെ. പി. അപ്പന്റെ കൃതികളെ കുറിച്ച് പഠനത്തിൽ ഡോക്ട്രേറ്റ് കിട്ടിയ ഡോ. നിനിതയക്ക് കെ. പി. അപ്പൻ പഠനകേന്ദ്രത്തിന്റെ ഉപഹാരം എഴുത്തുകാരി ഗ്രേസി സമ്മാനിച്ചു.

നവോദയം ഗ്രന്ഥശാല പ്രസിഡന്റ് ബേബി ഭാസ്കരൻ, സെക്രട്ടറി എസ്. നാസർ, കെ. പി അപ്പന്റെ സഹധർമ്മിണി പ്രൊഫ. ഓമന, മക്കളായ രജിത്, ശ്രീജിത്ത്, സാഹിത്യ പ്രവർത്തക സഹകരണ സംഘം പ്രസിഡന്റ് പി. കെ. ഹരികുമാർ, പ്രഫ. കെ. ജയരാജൻ, പ്രഫ. ഗി. ശശിധര കുറുപ്പ്, ഡോ. എസ്. നസീബ്, ഡോ. എം. എസ്. നൗഫൽ, കെ. പി. നന്ദകുമാർ, തുടങ്ങിയവർ പങ്കെടുത്തു.

## ഐ. എച്ച്. ആർ. ഡി പ്രവേശനം

കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക്കിൽ ആറുമാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്പ്യൂട്ടർ നെറ്റ്വർക്ക് അഡ്മിനിസ്ട്രേഷൻ കോഴ്സിലേക്കുള്ള പ്രവേശന നടപടികൾ ആരംഭിച്ചു. സി.ഒ. ആന്റ് പി.എ പാസ്/ കമ്പ്യൂട്ടർ ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ വിഷയത്തിൽ ബി.ടെക്/ത്രിവത്സര ഡിപ്ലോമ പാസായവർ/കോഴ്സ് പൂർത്തിയാക്കിയവർ എന്നിവയാണ് യോഗ്യത.

അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഡിസംബർ 31. വിശദവിവരങ്ങൾ 0476 2623597,9447488348 നമ്പരിൽ ലഭിക്കും.




കേരള പോലീസ് ഡ്രോൺ ഇന്റർനാഷണൽ ഹാക്കത്തോൺ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

# ബാലാവകാശ സംരക്ഷണം: ശിൽപ്പശാല നടത്തി

ബാലാവകാശ സംരക്ഷണം സമൂഹത്തിന്റെ കൂട്ടുത്തരവാദിത്വമാണെന്ന് ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർമാൻ അഡ്വ. കെ.വി മനോജ് കുമാർ. ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ബാലസംരക്ഷണ സമിതികളുടെ ശാക്തീകരണ ശില്പശാല ജവഹർ ബാലഭവനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജില്ലയിലെ തദ്ദേശസ്ഥാപനങ്ങൾ, ബാല സംരക്ഷണ സമിതി അംഗങ്ങൾ, ചൈൽഡ് ലൈൻ പ്രവർത്തകർ തുടങ്ങിയവരുടെ കൂട്ടായ പരിശ്രമത്തിലൂടെയും സമിതികളുടെ സമഗ്രമായ ശാക്തീകരണത്തിലൂടെയും ബാലസൗഹൃദ ജില്ല എന്ന ലക്ഷ്യം യാഥാർഥ്യമാക്കണം അദ്ദേഹം പറഞ്ഞു.

ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അംഗം അനിൽ. എസ്. കല്ലേലിഭാഗം അധ്യക്ഷനായി. ബാലസൗഹൃദ കേരളം പദ്ധതിയുടെ മൂന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായാണ് ജില്ലബ്ലോക്ക്പഞ്ചായത്ത് വാർഡ് തലത്തിൽ ബാല സംരക്ഷണ സമിതികൾ ശാക്തീകരിക്കുന്നതിനായി ശില്പശാല നടത്തുന്നത്. ലൈംഗിക അതിക്രമങ്ങളിൽ നിന്നും ലഹരി ഉപയോഗത്തിൽ നിന്നും കുട്ടികളുടെ മോചനം, വിദ്യാലയങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുക, ലിംഗസമത്വം സൃഷ്ടിക്കുക, ശാസ്ത്രീയ അവബോധം വളർത്തുക, ബാലവേല, ശൈശവവിവാഹം, ഭിക്ഷാടനം, കുട്ടികളുടെ ആത്മഹത്യകൾ ഇല്ലാതാക്കുക എന്നീ തുടർ പ്രവർത്തനങ്ങളും പദ്ധതിയുടെ ഭാഗമായി നടത്തും.

ശിൽപ്പശാലയിൽ ബാല സംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം റെനി ആന്റണി, വനിതാ ശിശു വികസന ഓഫീസർ പി. ബിജി, ലീഗൽ എഡ്യൂക്കേറ്റർ അഡ്വ. നിസ ഫാസി, ജില്ലാ പ്ലാനിംഗ് ഓഫീസർ പി.ജെ ആമിന തുടങ്ങിയവർ ക്ലാസ്സുകൾ എടുത്തു.

ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം റെനി ആന്റണി, ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗം സനിൽ വെള്ളിമൺ, ജില്ലാ വനിതാ ശിശുവികസന ഓഫീസർ പി. ബിജി, പ്രോഗ്രാം ഓഫീസർ ടിജു റേച്ചൽ തോമസ്, ശിശു സംരക്ഷണ ഓഫീസർ പ്രസന്ന കുമാരി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കെ.ഗോപിനാഥൻ, അസിസ്റ്റന്റ് ലേബർ ഓഫീസർ ആർ. ശ്രീകുമാർ തുടങ്ങിയവർ പങ്കെടുത്തു.

# കുപ്പിവെള്ള വില നിയന്ത്രണം: സർക്കാർ അപ്പീൽ നൽകുമെന്ന് മന്ത്രി ജി.ആർ. അനിൽ

ഒരു ലിറ്റർ കുപ്പിവെള്ളത്തിന് 13 രൂപ വില നിശ്ചയിച്ച സർക്കാർ ഉത്തരവ് സ്റ്റേ ചെയ്ത ഹൈക്കോടതി വിധിക്കെതിരെ നിയമ വശം പരിശോധിച്ച് സർക്കാർ അപ്പീൽ പോകുമെന്ന് ഭക്ഷ്യ പൊതുവിതരണ മന്ത്രി ജി.ആർ. അനിൽ അറിയിച്ചു. ഉപഭോക്താക്കളായ സാധാരണ ജനങ്ങളുടെ താത്പര്യമാണ് സർക്കാരിന് മുഖ്യമെന്നും ഉത്തരവ് പുറപ്പെടുവിച്ചതിന് പിന്നിലെ സർക്കാരിന്റെ ഉദ്ദേശ്യശുദ്ധിയെ കോടതി പ്രശംസിക്കുകയുണ്ടായെന്ന് മന്ത്രി പറഞ്ഞു. എന്നാൽ 1955ലെ എസൻഷ്യൽ കമോഡിറ്റീസ് ആക്റ്റിന്റെ പരിധിയിൽ വരുന്ന ഭക്ഷ്യ പദാർത്ഥമെന്ന ഇനത്തിലാണ് കുടിവെള്ളം വരികയെന്നും 1986 ലെ കേരള എസൻഷ്യൽ ആർട്ടിക്കിൾ നിയമത്തിന്റെ പരിധിയിൽ വരില്ലെന്നുമാണ് കോടതി കണ്ടെത്തിയത്. എന്നാൽ കുപ്പിവെള്ളം വേറിട്ട സ്വഭാവമുള്ള ഒരു വാണിജ്യ ഉൽപ്പന്നമാണെന്നാണ് കേരള സർക്കാർ നിലപാട്.

രണ്ടു മാസത്തിനുള്ളിൽ ഈ വിഷയത്തിൽ സത്യവാങ്മൂലം സമർപ്പിക്കാൻ കേന്ദ്രസർക്കാരിനോട് കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ജനതാത്പര്യം മുൻനിർത്തി ഇക്കാര്യത്തിൽ കേരള സർക്കാർ കൈക്കൊണ്ട നടപടിയെ പിന്തുണയ്ക്കാൻ കേന്ദ്രം തയ്യാറാവണം. ആവശ്യമായ നിയമനടപടികൾ ഇതിനനുസൃതമായി ഹൈക്കോടതിയിൽ കൈക്കൊള്ളാൻ കേന്ദ്രം തയ്യാറാകണമെന്നും മന്ത്രി പറഞ്ഞു.

## വോക്ക് ഇൻ ഇന്റർവ്യൂ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കുളത്തൂപ്പുഴ അരിപ്പയിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഒഴിവുള്ള എച്ച്.എസ്.എ (മാത്തമാറ്റിക്സ്) എച്ച്.എസ്.എസ്.ടി (കെമിസ്ട്രി) തസ്തികകളിലേക്ക് ദിവസവേതന അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നതിന് ഡിസംബർ 28ന് വോക്ക് ഇൻ ഇന്റർവ്യൂ നടത്തും. തസ്തികകളിലേക്കുള്ള സ്ഥിര നിയമനങ്ങൾക്കായി പി.എസ്.സി നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ഉള്ള ഉദ്യോഗാർത്ഥികൾ സി.വി, വിദ്യാഭ്യാസയോഗ്യത പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുമായി രാവിലെ 11ന് സ്കൂളിൽ ഹാജരാകണം. വിശദവിവരങ്ങൾ 0475 2962021, 9400529020 നമ്പരിൽ ലഭിക്കും.

## അപേക്ഷ ക്ഷണിച്ചു

വനിതാ ശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഐ.സി.ഡി.എസ്/ എസ്.പി.സി ഓഫീസുകളിലെ ന്യൂട്രിഷൻ ആൻഡ് പേരന്റിങ് ക്ലിനിക്കിലെ ന്യൂട്രീഷനിസ്റ്റ് തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത, പ്രായപരിധി, പ്രവൃത്തിപരിചയം തുടങ്ങിയ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കാം. അപേക്ഷയും അനുബന്ധ രേഖകളും സഹിതം ഡിസംബർ 28 വൈകിട്ട് 5 മണിക്കകം പ്രോഗ്രാം ഓഫീസർ, ജില്ലാതല ഐസിഡിഎസ് സെൽ, സിവിൽ സ്റ്റേഷൻ, കൊല്ലം 691013 വിലാസത്തിൽ സമർപ്പിക്കണം. ഫോൺ : 0474 2793069.

# ഒരു കൊല്ലം നീളുന്ന പരിപാടികൾ സ്ത്രീശാക്തീകരണത്തിന് 'സമം' തുടങ്ങുന്നു

സ്ത്രീ സമത്വത്തിനായി സാംസ്കാരിക മുന്നേറ്റം എന്ന ലക്ഷ്യവുമായി സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 'സമം' പരിപാടിയുടെ പ്രാഥമികതല പ്രവർത്തനങ്ങൾക്ക് ജില്ലയിൽ തുടക്കമായി. ഒരു വർഷം നീളുന്ന വ്യത്യസ്ത കലാസാംസ്കാരിക പരിപാടികൾക്കുള്ള ജില്ലാതല സംഘാടക സമിതി രൂപീകരിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ ചെയർമാനും ജില്ലാ കലക്ടർ അഫ്സാന പർവീൺ കൺവീനറുമായാണ് സമിതിയുടെ പ്രവർത്തനം.

ജില്ലാ പഞ്ചായത്ത് ഹാളിൽ സംഘാടകസമിതി രൂപീകരണ യോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ ഉദ്ഘാടനം ചെയ്തു. സ്ത്രീ ശാക്തീകരണസമത്വത്തിന് പ്രതിജ്ഞാബദ്ധമായ പരിപാടികളാണ് വിവിധ തലങ്ങളിലായി സംഘടിപ്പിക്കപ്പെടുക എന്ന് അദ്ദേഹം പറഞ്ഞു.

കേരള ചലച്ചിത്ര അക്കാഡമി സെക്രട്ടറി സി. അജോയ് പദ്ധതി വിശദീകരണം നടത്തി. ആവിഷ്കാരങ്ങളിലൂടെ സ്ത്രീ മുന്നേറ്റത്തിനായി ഇടപെടൽ നടത്തുന്ന വേറിട്ട പരിപാടികളാണ് ജില്ലയിലുടനീളം നടത്തുക എന്ന് അദ്ദേഹം വ്യക്തമാക്കി.

101 അംഗ സംഘാടക സമിതിക്കാണ് രൂപം നൽകിയത്. ജില്ലയിലെ മന്ത്രിമാർ, എം.പിമാർ, എം.എൽ.എമാർ, മേയർ എന്നിവരാണ് രക്ഷാധികാരികൾ. വൈസ് ചെയർപേഴ്സനായി ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സുമലാൽ, വൈസ് ചെയർമാനായി സ്ഥിരം സമിതി അധ്യക്ഷൻ അനിൽ എസ്. കല്ലേലിഭാഗം, ജോയിന്റ് കൺവീനറായി കുടുംബശ്രീ ജില്ലാ കോഓർഡിനേറ്റർ വി. ആർ. അജു തുടങ്ങിയവർ പ്രവർത്തിക്കും.

യോഗത്തിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ. പ്രസാദ്, യുവജനക്ഷേമ ബോർഡ് അംഗം സന്തോഷ് കാല, യൂത്ത് വെൽഫെയർ ഓഫീസർ ബിന്ദു, ജില്ലാ ലൈബ്രറി കൗൺസിൽ ഭാരവാഹികളായ ഡി. സുകേശൻ, കെ. ബി. മുരളീകൃഷ്ണൻ തുടങ്ങിയവരും വിവിധ സംഘടനാ പ്രതിനിധികളും പങ്കെടുത്തു.

# സപ്ലൈകോ വിൽപനശാലകൾ ഡിജിറ്റൽ പേയ്മെന്റിലേക്ക്

സപ്ലൈകോ വിൽപനശാലകൾ ഡിജിറ്റൽ പേയ്മെന്റിലേക്കു മാറുന്നു. അതിനായി സേവനദാതാക്കളിൽനിന്ന് താത്പര്യപത്രം ക്ഷണിച്ചു. ൗുുഹ്യരീസലൃമഹമ.രീ വെബ് സൈറ്റിൽ വിശദാംശങ്ങൾ ലഭ്യമാണ്. അഞ്ഞൂറിലേറെയുള്ള സപ്ലൈകോ ഔട്ട്ലെറ്റുകളിലാണ് ആദ്യഘട്ടത്തിൽ ഡിജിറ്റൽ പേയ്മെന്റ് സംവിധാനം വരുന്നത്. പൊതുജനങ്ങളുടെ പ്രതികരണമറിഞ്ഞതിന് ശേഷം രണ്ടാം ഘട്ടത്തിൽ മറ്റ് ഔട്ട്ലെറ്റുകളിലേക്ക് വ്യാപിപ്പിക്കാനാണ് പദ്ധതി. സപ്ലൈകോയുടെ നിർദേശങ്ങൾ പാലിക്കുന്ന കമ്പനികൾക്ക് താത്പര്യപത്രം സമർപ്പിക്കാം.

ദിവസ വരുമാനം അതത് ദിവസങ്ങളിൽ തന്നെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കണം. ഡിജിറ്റൽ പേയ്മെന്റ് സംവിധാനം ഏർപ്പെടുത്താനുള്ള ഉപകരണങ്ങൾ ആവശ്യമെങ്കിൽ സൗജന്യമായി കമ്പനികൾ തന്നെ സ്ഥാപിക്കണം. ഇടപാടുകളുടെ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ മാനേജർക്ക് ലഭ്യമാക്കണം. വില്പനശാലകളിൽ മൊബൈൽ ഫോണുകൾ ലഭ്യമാകണം എന്നില്ല. പക്ഷേ കമ്പ്യൂട്ടറും ഇന്റർനെറ്റ് സേവനവും ലഭ്യമാക്കും.

ഇപ്പോഴുള്ള മാതൃകകൾ കൂടാതെ പുതിയ മോഡലുകളും കമ്പനികൾക്ക് സമർപ്പിക്കാം. താത്പര്യപത്രം ഡിസംബർ 20നകം സമർപ്പിക്കണം. ഇതിൽ സാങ്കേതിക വിവരങ്ങളും പണം വില്പനശാലകളിലെ അക്കൗണ്ടിൽ ലഭ്യമാകുന്ന ഇടവേളയും കൃത്യമായി പരാമർശിച്ചിരിക്കണമെന്നും സപ്ലൈകോ അധികൃതർ അറിയിച്ചു.

## റെക്കോർഡുകൾ കൈപ്പറ്റണം

കൊല്ലം ലേബർ കോടതിയിൽ 1965 മുതൽ തീർപ്പുകൽപ്പിച്ച കേസുകളുടെ റെക്കോർഡുകൾ മതിയായ തിരിച്ചറിയൽ രേഖ സമർപ്പിച്ച് ഏഴ് ദിവസത്തിനകം തിരികെ കൈപ്പറ്റണമെന്ന് ലേബർ കോടതി പ്രിസൈഡിങ് ഓഫീസർ അറിയിച്ചു.

# ധനസ്ഥിതി മെച്ചപ്പെട്ടാൽ സ്റ്റൈപൻറ് വർധനയെന്ന് പിജി ഡോക്ടർമാരോട് സർക്കാർ

തിരുവനന്തപുരം: പിജി ഡോക്ടർമാരുടെ ആവശ്യങ്ങൾക്ക് പരിഹാരമാർഗങ്ങൾ മുന്നോട്ടുവച്ച് സർക്കാർ. ജോലിഭാരം കൂടുതലുള്ള മേഖലകൾ ഏതൊക്കെയെന്ന് പരിശോധിക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.

ജോലിഭാരം കുറയ്ക്കാൻ നിലവിലുള്ള സീനിയർ ഡോക്ടർമാരെ മാറ്റി ജൂനിയർ റെസിഡൻറുമാരെ നിയമിക്കാമെന്നും മന്ത്രി അറിയിച്ചു. സ്റ്റൈപൻറ് വർധന സംസ്ഥാനത്തെ ധനസ്ഥിതി മെച്ചപ്പെടുമ്പോൾ പരിഗണിക്കാമെന്നും പിജി ഡോക്ടർമാരുമായി നടത്തിയ ചർച്ചയിൽ മന്ത്രി പറഞ്ഞു.

വിദ്യാർഥികളുമായി ചർച്ചയ്ക്ക് സമിതിയെ നിയോഗിക്കുമെന്നും ആരോഗ്യമന്ത്രി ഉറപ്പു നൽകി. ചർച്ച രണ്ട് മണിക്കൂറോളം നീണ്ടു. കൂടുതൽ ജൂനിയർ ഡോക്ടർമാരെ നിയമിക്കുക, സ്റ്റൈപൻറ് വർധന തുടങ്ങിയ ആവശ്യങ്ങളാണ് പിജി ഡോക്ടർമാർ ഉന്നയിച്ചത്.

# ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ അപേക്ഷ ക്ഷണിച്ചു

വനിതാ ശിശുവികസന വകുപ്പിന്റെ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാഘടകങ്ങളായ ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലും ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലും 2022 മാർച്ചിൽ പ്രതീക്ഷിക്കുന്ന ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓരോ ജില്ലയിലുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ ചെയർപേഴ്സന്റെ ഒരു ഒഴിവും മെമ്പർമാരുടെ നാല് ഒഴിവുകളുമാണുള്ളത്. ജില്ലകളിലെ ജുവനൈൽ ജസ്റ്റിസ് ബോർഡുകളിൽ സോഷ്യൽ വർക്കർ മെമ്പർമാരുടെ രണ്ട് ഒഴിവുകൾ വീതമുണ്ട്. ഇതുസംബന്ധിച്ച വിജ്ഞാപനം ഗസറ്റിലും വനിതാശിശുവികസന വകുപ്പിന്റെ (ംരറ.സലൃമഹമ.ഴീ.ശി) വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. താത്പര്യമുള്ളവർ നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ഡിസംബർ 24 ന് വൈകിട്ട് അഞ്ചു മണിക്ക് മുമ്പ് വനിതാശിശുവികസന ഡയറക്ടർ, സംയോജിത ശിശുസംരക്ഷണ പദ്ധതി, ജയിൽ കഫെറ്റീരിയക്കെതിർവശം, പൂജപ്പുര, തിരുവനന്തപുരം 695012 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കണം.

## ലേലം

ജില്ലാ ആശുപത്രിയിൽ ഗർഹണം നടത്തിയ വസ്തുക്കൾ നീക്കം ചെയ്യുന്നതിനുള്ള അവകാശം ലേലം ചെയ്യുന്നു. മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് പങ്കെടുക്കാം. അവസാന തീയതി ഡിസംബർ ഏഴ്. രാവിലെ 11 ന് സൂപ്രണ്ടിന്റെ കാര്യാലയത്തിലാണ് ലേലം. ഫോൺ 0474 2742004.

# അതിമാരക മയക്കു മരുന്നുമായി സിനിമസീരിയൽ താരം അറസ്റ്റിൽ

വയനാട്: അതിമാരക മയക്കുമരുന്നുമായി സിനിമസീരിയൽ താരം അറസ്റ്റിൽ. എറണാകുളം കമടക്കുടി മൂലമ്പള്ളി പനക്കൽ വീട്ടിൽ പി.ജെ. ഡെൻസൺ(44)ആണ് അറസ്റ്റിലായത്. വൈത്തിരി പോലീസ് ആണ് ഇയാളെ അറസ്റ്റ് ചെയ്തത്.

ഇയാളുടെ കൈയിൽനിന്ന് 0.140ഗ്രാം എൽഎസ്ഡി സ്റ്റാമ്പുകൾ കണ്ടെടുത്തു. രഹസ്യ വിവരത്തെ തുടർന്നു വൈത്തിരി എസ്ഐ ഇ. രാംകുമാറും സംഘവും വയനാട് പോലീസ് മേധാവിയുടെ ലഹരി വിരുദ്ധ സേനാംഗങ്ങളും നാർക്കോട്ടിക് സെൽ ഡിവൈഎസ്പി രജികുമാറിൻറെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്. ഓർമ ശക്തിയെ സാരമായി ബാധിക്കുന്ന അതിമാരക മയക്കുമരുന്നാണ് എൽഎസ്ഡി സ്റ്റാമ്പുകൾ. 40,000 രൂപയോളം വില വരുന്നതാണിത്. ഇയാൾക്കെതിരെ എൻഡിപിഎസ് വകുപ്പ് പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## കശുവണ്ടിയ്ക്ക് വിലകിഴിവ്

ക്രിസ്തുമസ് ന്യൂ ഇയർ പ്രമാണിച്ചു കേരള സംസ്ഥാന കശുവണ്ടി വികസനകോർപ്പറേഷന്റെ സൊസൈറ്റി/ഫാക്ടറി ഔട്‌ലെറ്റുകൾ/ഏജൻസികൾ വഴി സി. ഡി. സി. കാഷ്യൂ 25% വിലകിഴിവിൽ ലഭ്യമാകുമെന്ന് ചെയർമാൻ എസ്. ജയമോഹൻ അറിയിച്ചു.




കൃഷി വകുപ്പിന്റെ തക്കാളി വണ്ടി കൃഷി മന്ത്രി പി. പ്രസാദ് ഫ്ളാഗ് ഓഫ് ചെയ്യുന്നു



സംസ്ഥാന ഭക്ഷ്യ കമ്മീഷൻ സംഘടിപ്പിച്ച 'തനിമ' ഏകദിന സെമിനാർ നിയമസഭാ സ്പീക്കർ എം.ബി രാജേഷ് ഉദ്ഘാടനം ചെയ്യുന്നു. ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ അനിൽ സമീപം

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.